2023
APRIL
12
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## പൊതുമേഖലയ്ക്ക് അഭിമാനമായി ബംഗാൾ ഊർജ കോർപറേഷൻ



**കൊൽക്കത്ത:** മൂന്നര വർഷം മുൻപു വരെ നഷ്ടത്തിലായിരുന്ന ബംഗാൾ ഊർജ വികസന കോർപറേഷൻ ലിമിറ്റഡ് (ഡബ്ല്യു ബിപിഡിസിഎൽ) ഇന്നു രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുഴുവൻ മാതൃകയായി തലയുയർത്തി നിൽക്കുന്നു. റിലയൻസ്, ടാറ്റ, അദാനി തുടങ്ങിയവരുടെ ആധുനിക വൈദ്യുതോൽപാദന പ്ലാന്റുകളെ പിന്തള്ളിയാണ് ബംഗാൾ സർക്കാരിനു കീഴിലുള്ള കോർപറേഷൻ താപവൈദ്യുത നിലയങ്ങളുടെ പ്രവർത്തന മികവിനുള്ള ദേശീയ പുരസ്കാരം നേടിയത്. രാജ്യത്തെ 205 താപവൈദ്യുത നിലയങ്ങളുടെ പ്രവർത്തനമികവിന്റെ കണക്കെടുപ്പിൽ ഡബ്ല്യുബിപിഡിസിഎല്ലിന് കീഴിലുള്ള ബക്രേശ്വർ താപനിലയം ഒന്നാമതെത്തി. കോർപറേഷനു കീഴിലുള്ള സന്താൽദിഹി താപനിലയം രണ്ടാമതെത്തിയപ്പോൾ ബംഗാളിൽ തന്നെയുള്ള സാഗർദിഗി നിലയം അഞ്ചാമതാണ്.

മലയാളി ഐഎഎസ് ഉദ്യോഗസ്ഥൻ ഡോ.പി.ബി.സലിം മൂന്നരവർഷം മുൻപ് ചെയർമാനും മാനേജിങ് ഡയറക്ടറുമായി സ്ഥാനമേറ്റതിനു ശേഷമാണ് കോർപറേഷന്റെ പ്രവർത്തനത്തിൽ മാറ്റമുണ്ടായത്. ജീവനക്കാരുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തിയും അവരെ വിശ്വാസത്തിലെടുത്തുമാണ് കോർപറേഷൻ പ്രകടനം മെച്ചപ്പെടുത്തിയതെന്ന് ഡോ.സലിം പറഞ്ഞു.

27000 ജീവനക്കാർ ജോലി ചെയ്യുന്ന ഡബ്ല്യുബിപിഡിസിഎൽ ബംഗാളിലെ ഏറ്റവും വലിയ തൊഴിൽ ദാതാക്കളിൽ ഒന്നാണ്. വൻകിട വൈദ്യുതോൽപാദന നിലയങ്ങളിലും ടൗൺഷിപ്പുകളിലും ജീവനക്കാരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ കോർപറേഷൻ ആവിഷ്കരിച്ചു. മികച്ച സ്കൂളുകൾ, ആശുപത്രി സൗകര്യങ്ങൾ, സൂപ്പർ സ്പെഷ്യൽറ്റി ആശുപത്രികളുമായുള്ള സഹകരണം, ജീവനക്കാർക്കിടയിൽ മികവുള്ളവരെ അംഗീകരിക്കൽ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി. ലാഭം നേടിയ ആദ്യ വർഷം താൽക്കാലിക ജീവനക്കാർ ഉൾപ്പെടെ മുഴുവൻ പേർക്കും ഒരു മാസത്തെ ശമ്പളം ബോണസായി നൽകി.

പ്ലാന്റുകൾ ചോർച്ച മൂലം അടയ്ക്കുന്നത് ഉൾപ്പെടെയുള്ളവ മുൻകൂട്ടി കണ്ട് തടയാൻ കഴിഞ്ഞതോടെ കോടികളുടെ അധികച്ചെലവ് ഒഴിവായി. 2019ൽ വൈദ്യുതി യൂണിറ്റിന് 4.20 രൂപയായിരുന്നു ഉൽപാദനച്ചെലവ്. ഇപ്പോൾ യൂണിറ്റിന് 80 പൈസ കുറഞ്ഞു. 26000 കോടി യൂണിറ്റ് ആണ് വാർഷികോൽപാദനം. സമീപസംസ്ഥാനങ്ങൾക്കെല്ലാം വൈദ്യുതി വിൽക്കുകയും ചെയ്യുന്നു. 2022, 23 സാമ്പത്തിക വർഷം 807 കോടി രൂപയുടെ അറ്റാദായം നേടി.

# ജൂൺ വരെ 8,000 കോടി കടമെടുക്കാൻ കേരളം

**കഴിഞ്ഞ വർഷം കടമെടുത്തത് 35,339 കോടി**

**തിരുവനന്തപുരം:** ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ 3 മാസത്തിനുള്ളിൽ ആകെ 8,000 കോടി രൂപ കടമെടുക്കാൻ അനുവദിക്കണമെന്നു റിസർവ് ബാങ്കിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടു. ഈ മാസം 2,000 കോടിയും അടുത്ത മാസം 4,500 കോടിയും ജൂണിൽ 1,500 കോടിയും കടമെടുക്കാനുള്ള അനുമതിയാണ് സർക്കാർ തേടിയത്. റിസർവ് ബാങ്ക് തത്വത്തിൽ കടമെടുപ്പിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും കേന്ദ്രത്തിന്റെ കൂടി അനുമതിക്കു വിധേയമായിട്ടായിരിക്കും അന്തിമ തീരുമാനം.

ബജറ്റ് രേഖകൾ പ്രകാരം ഈ സാമ്പത്തിക വർഷം 25,646 കോടി രൂപ പൊതുവിപണിയിൽ നിന്നു കടമെടുക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം 22,184 കോടി രൂപയാണ് കടമെടുക്കാൻ നിശ്ചയിച്ചിരുന്നതെങ്കിലും വിവിധ മേഖലകളിലെ മികവ് കണക്കിലെടുത്ത് കേന്ദ്രം അധികതുക കടമെടുക്കാൻ അനുവദിച്ചതിനാൽ ആകെ 35,339 കോടി കടമെടുക്കാനായി. ശരാശരി ഏഴര ശതമാനമെന്ന ഉയർന്ന പലിശ നിരക്കിലായിരുന്നു എല്ലാ വായ്പകളും. മുൻപ് 6 ശതമാനത്തോളം പലിശയ്ക്കു സർക്കാരിനു വായ്പ ലഭിച്ചിരുന്നു.

കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും വായ്പകൾ സംസ്ഥാനത്തിന്റെ കടമായി കണക്കാക്കി കടമെടുപ്പ് പരിധി വെട്ടിക്കുറച്ചെങ്കിലും അധികതുക അനുവദിച്ചതു കൊണ്ടു കൂടിയാണ് കഴിഞ്ഞ വർഷം ശമ്പളവും പെൻഷനും മുടങ്ങാതിരുന്നത്. നികുതി വരുമാനത്തിലെ വർധനയും പദ്ധതിച്ചെലവുകൾ അടക്കം നിയന്ത്രിച്ചതും സർക്കാരിനു തുണയായി.

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള എല്ലാ കുടിശികയും താൽക്കാലികമായി മരവിപ്പിച്ചതിനാൽ ആ ഇനത്തിലും വലിയൊരു ചെലവ് ഒഴിവായിക്കിട്ടി. മേയിൽ സർക്കാർ ജീവനക്കാർ കൂട്ടത്തോടെ വിരമിക്കുന്നതു കണക്കിലെടുത്താണ് 3,500 കോടി രൂപ കടമെടുക്കുന്നത്.

10 വർഷം മുതൽ 35 വർഷം വരെ തിരിച്ചടവ് കാലയളവിൽ കഴിഞ്ഞ വർഷം കടമെടുത്തത് 35,339 കോടി രൂപ. 7.31% മുതൽ 7.85 % വരെ പലിശ നിരക്കിൽ 22 തവണയായാണു കടമെടുത്തത്.

## പണമടയ്ക്കാനാകുന്നില്ല; കണ്ടെയ്നർ നീക്കത്തിൽ തടസ്സം

**കൊച്ചി:** പുതിയ പേയ്മെന്റ് സംവിധാനത്തിലെ സാങ്കേതിക തകരാർ മൂലം രാജ്യത്തെ വിവിധ തുറമുഖങ്ങളിൽ ഇറക്കുമതി കണ്ടെയ്നർ നീക്കത്തിനു തടസ്സം. കസ്റ്റംസ് തീരുവകൾ അടയ്ക്കുന്നതിനായി ആരംഭിച്ച ഇലക്ട്രോണിക് കാഷ് ലെഡ്ജർ (ഇസിഎൽ) സംവിധാനം പൂർണ സജ്ജമാകാത്തതാണു കാരണം. അതേസമയം, തകരാറുകൾ പരിഹരിക്കാനായി ദുഃഖ വെള്ളിയും ഞായറും ഉൾപ്പെടെയുള്ള അവധി ദിവസങ്ങളിലും കസ്റ്റംസ് ഉദ്യോഗസ്ഥർ അധിക സമയം ജോലി ചെയ്തു. ഈ മാസം ഒന്നിനാണു പുതിയ സംവിധാനം നിലവിൽ വന്നത്. പ്രശ്നങ്ങൾ ഏതാനും ദിവസത്തിനുള്ളിൽ പരിഹരിക്കാനാകുമെന്നാണു പ്രതീക്ഷ.

ഐസ്ഗേറ്റ് വെബ്സൈറ്റിൽ വെർചൽ വോലറ്റ് സൃഷ്ടിക്കുകയും തീരുവകൾ അതിലൂടെ അടയ്ക്കുകയും ചെയ്യുന്നതാണു പുതിയ സംവിധാനം. എന്നാൽ, നികുതി അടയ്ക്കുന്ന ചെല്ലാൻ വെബ്സൈറ്റിൽ ദൃശ്യമാകുന്നില്ല. പേയ്മെന്റ് സംബന്ധിച്ച വ്യക്തത ലഭിക്കാതെ വരുമ്പോൾ ഇറക്കുമതി കണ്ടെയ്നറുകൾ തുറമുഖ മേഖലയിൽ നിന്നു പുറത്തു കൊണ്ടുപോകാൻ കഴിയാതെ കെട്ടിക്കിടക്കും. മുംബൈ ഉൾപ്പെടെ പല തുറമുഖങ്ങളിലും കണ്ടെയ്നർ കെട്ടിക്കിടക്കുന്ന സ്ഥിതിയുണ്ട്. കൊച്ചിയിൽ കാര്യമായ പ്രശ്നങ്ങളില്ലെങ്കിലും ചില ഇറക്കുമതി വ്യവസായികൾക്കു പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

കണ്ടെയ്നറുകൾ കെട്ടിക്കിടന്നാൽ പിഴയായി (ഡെമറേജ്) വലിയ തുക ഇനത്തിൽ നൽകേണ്ടി വരുമെന്നതാണ് ആശങ്ക. ഡെമറേജ് തുക ഇളവു നൽകണമെന്നു കസ്റ്റംസ് ബന്ധപ്പെട്ട ഏജൻസികൾക്കു നിർദേശം നൽകിയിട്ടുണ്ട്.

## ഊർജ കാര്യക്ഷമത: കേരളം മുന്നിൽ

**ന്യൂഡൽഹി:** കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ ഊർജ കാര്യക്ഷമതാ സൂചികയിൽ കേരളമടക്കം 5 സംസ്ഥാനങ്ങൾ മുൻനിരയിൽ. മുൻവർഷം 53 ആയിരുന്ന സ്കോർ 68.5 ആയി വർധിച്ചു. മുൻപ് അച്ചീവേഴ്സ് വിഭാഗത്തിലായിരുന്നെങ്കിൽ, ഇത്തവണ ഫ്രണ്ട് റണ്ണേഴ്സ് എന്ന എറ്റവും ഉയർന്ന വിഭാഗത്തിലാണ് കേരളം.കേരളത്തിനു പുറമേ ആന്ധ്രപ്രദേശ് (77.5), കർണാടക (82.5), രാജസ്ഥാൻ (67), തെലങ്കാന (74) എന്നിവയാണ് ഫ്രണ്ട് റണ്ണേഴ്സ് എന്ന വിഭാഗത്തിലുള്ളത്. സ്കോർ പ്രകാരം നാലാം സ്ഥാനത്താണ് കേരളം. കെട്ടിടങ്ങൾ, വ്യവസായങ്ങൾ, നഗരസഭ, ഗതാഗതം, കൃഷി, വൈദ്യുതവിതരണകമ്പനികൾ അടക്കം 51 മേഖലകൾ അടിസ്ഥാനമാക്കിയാണ് സൂചിക തയാറാക്കുന്നത്. പരമാവധി സ്കോർ 100 ആണ്.



# യുവം സമ്മേളനം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും; റോഡ് ഷോയിലും പങ്കെടുക്കും

**കൊച്ചി:** ഏപ്രിൽ 25 ന് എറണാകുളം തേവര കോളജ് മൈതാനിയിൽ നടക്കുന്ന യുവം സമ്മേളനം പ്രധാന മന്ത്രി നരേന്ദ്രമോഡി ഉദ്ഘാടനം ചെയ്യുമെന്ന് ബി.ജെ.പി സംസ്ഥാന കോർ കമ്മിറ്റി.വൈകുന്നേരം അഞ്ചിനാണ് ഉദ്ഘാടന സമ്മേളനം.

തേവരയിൽ റോഡ്ഷോയിലും പ്രധാനമന്ത്രി പങ്കെടുക്കുമെന്നും ബി.ജെ.പി നേതാക്കൾ വ്യക്തമാക്കി. ഈസ്റ്റർ ദിനത്തിൽ പ്രധാനമന്ത്രി ക്രിസ്ത്യൻ ദേവാലയത്തിൽ എത്തി പ്രാർത്ഥനയുടെ ഭാഗമായതിനെ സ്വാഗതം ചെയ്യുന്നുവെന്നും ഇത് ചരിത്രപരമായ നീക്കമാണെന്നും ബിജെപി വ്യക്തമാക്കി. ഭാരതീയ ജനതാ പാർട്ടി വിഭാവന ചെയ്യുന്ന സർവ്വ മത സമഭാവനയുടെ അടിസ്ഥാനത്തിലുള്ള പ്രധാന മന്ത്രിയുടെ സന്ദർശനം മതന്യൂനപക്ഷങ്ങൾക്കിടയിൽ ആത്മവിശ്വാസം വളർത്തിയിട്ടുണ്ട്. മോദി സർക്കാർ എല്ലാ ജനവിഭാഗങ്ങളോ ടും സബ് ക്കാ സാത് സബ് ക്കാ വികാസ് സബ്ക്കാ വിശ്വാസ് സബ് ക്കാ പ്രയാസ് എന്ന ആശയത്തിന്റെ അടിസ്ഥാന ത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതാണ്. കേരളത്തിലെ ക്രൈസ്തവ സമൂഹം പ്രധാന മന്ത്രിയുടെ സമീപനത്തെ തുറന്ന ഹൃദയത്തോടെയാണ് സ്വീകരിച്ചതെന്നത് ആഹ്ളാദകരമാണ്.

കേരളത്തിന്റെ സമഗ്ര വികസനത്തിനും സാമൂഹ്യ സമരസതയ്ക്കും വേണ്ടി പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തുന്ന സേവനങ്ങൾക്ക് കേരള ജനതക്ക് വേണ്ടി ബിജെപി കോർ കമ്മിറ്റി കൃതജ്ഞത രേഖപ്പെടുത്തുന്നുവെന്നും നേതാക്കൾ വ്യക്തമാക്കി.



# മാലിന്യ മുക്തം ഹരിത നെയ്യാറ്റിൻകര പദ്ധതിക്കു തുടക്കമായി

**നെയ്യാറ്റിൻകര:** നെയ്യാറ്റിൻകര നിയോജക മണ്ഡലം മാലിന്യ മുക്തമാക്കാൻ ലക്ഷ്യമിട്ട് തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന മാലിന്യ മുക്തം ഹരിത നെയ്യാറ്റിൻകര പദ്ധതി മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്തു. മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് മന്ത്രി പറഞ്ഞു. ഇനി സാരോപദേശത്തിന്റെ ആവശ്യമില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കെ.ആൻസലൻ എംഎൽഎ അധ്യക്ഷനായി. ക്ലീൻ കേരള കമ്പനി എംഡി: ജി.കെ.സുരേഷ് കുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ് കുമാർ, പാറശാല ബ്ലോക്ക് പഞ്ചായത്ത്പ്രസിഡന്റ് എസ്.കെ.ബെൻ .

ഡാർവിൻ, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.വി.മൻമോഹൻ, നഗരസഭ ചെയർമാൻ പി. കെ.രാജ്മോഹൻ, ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപഴ്സൻ വി.ആർ.സലൂജ, പഞ്ചായത്ത് പ്രസിഡന്റുമാരായ ആർ.ഗിരിജ, ഷീന എസ്.ദാസ്, ബ്ലോക്ക് വൈസ് പ്രസിഡന്റുമാരായ ബി.ബി.സുനിതാ റാണി, അൽവേഡിസ, ജില്ലാ പഞ്ചായത്ത് അംഗം സൂര്യ എസ്.പ്രേം, നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ കെ.കെ. ഷിബു, ജെ.ജോസ് ഫ്രാങ്ക്ലിൻ, കൗൺസിലർ എ.അലി ഫാത്തിമ, നേതാക്കളായ ടി.ശ്രീകുമാർ, ജി.എൻ. ശ്രീകുമാർ, അരുമാന്നൂർക്കട ശശി, കൊടങ്ങാവിള വിജയകുമാർ, കെ.കെ.ശ്രീകുമാർ, ആറാലുംമൂട് മുരളീധരൻ നായർ, മുരുകേശൻ ആശാരി, പുന്നക്കാട് തുളസീധരൻ, കെ.എസ്.ഹേമകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരെ ചടങ്ങിൽ ആദരിച്ചു.

# അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് ഉയർന്ന പ്രായപരിധി 50 വയസ്സാക്കി

സംസ്ഥാനത്ത് വിവിധ സർവ്വകലാശാലകളിലും സർക്കാർ / എയ്ഡഡ് കോളജുകളിലും അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സാക്കി ഉത്തരവായതായി ഉന്നതവിദ്യാഭ്യാസ മന്ത്രി ബിന്ദു അറിയിച്ചു. ശ്യാം ബി മേനോൻ അധ്യക്ഷനായ ഉന്നതവിദ്യാഭ്യാസ പരിഷ്ക്കരണ കമ്മീഷന്റെ പ്രധാന ശുപാർശകളിലൊന്നാണ് നടപ്പാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. സർക്കാർ / എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളജുകളിലും, ട്രെയിനിംഗ് കോളജുകളിലും, ലോ കോളജുകളിലും, സംസ്കൃത കോളജുകളിലും അധ്യാപക നിയമനത്തിനുള്ള ഉയർന്ന പ്രായപരിധിയാണ് 50 ആയി നിശ്ചയിച്ച് ഉത്തരവായത്. എന്നാൽ അധ്യാപക നിയമനങ്ങൾക്ക് ബാധകമായ യുജിസി മാനദണ്ഡങ്ങളിൽ ഉയർന്ന പ്രായപരിധി നിഷ്ക്കർഷിക്കുന്നില്ല.

ഇക്കാര്യത്തിൽ കോളജ് വിദ്യാഭ്യാസ ഡയറക്ടർ നൽകിയ റിപ്പോർട്ടും കോളജ് അധ്യാപക നിയമനങ്ങൾക്ക് ഉയർന്ന പ്രായപരിധി ഒഴിവാക്കണമെന്ന സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ശുപാർശയും പരിഗണിച്ചാണ് തീരുമാനം.



# പൊന്മുടി സംസ്ഥാന ഹൈവേ നവീകരണം ഇഴയുന്നു

**വിതുര:** പൊന്മുടി സംസ്ഥാന ഹൈവേയിലെ നെടുമങ്ങാട് പൊന്മുടി നവീകരണം സംബന്ധിച്ചു പരാതികളുടെ പ്രളയം. അശാസ്ത്രീയ സമീപനമാണെന്ന ആരോപണം വന്നതിനു പിന്നാലെ പണി ഒച്ചിഴയുന്ന വേഗത്തിലാണെന്നും ആക്ഷേപമുയർന്നു. ചുള്ളിമാനൂർ മുതൽ വിതുര വരെയുള്ള പല ഭാഗത്തും നിർമാണം പുരോഗമിക്കുകയാണ്. മാസങ്ങൾക്കു മുന്നേ തുടങ്ങിയ നിർമാണത്തിന്റെ ഭാഗമായി പലയിടത്തും റോഡ് വെട്ടിപ്പൊളിച്ചിട്ട ശേഷം ഗതാഗതം തീർത്തും ദുഷ്കരമാക്കിയിരിക്കുകയാണ്. ആർച്ച് ജംക്ഷനും മുള്ളുവേങ്ങാമൂടിനും ഇടയിലുള്ള ഭാഗത്തെ റോഡ് പൊളിച്ചിട്ടിട്ട് ഏതാണ്ട് രണ്ട് മാസത്തിലേറെയായി. പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തുന്നതിലും ക്രമപ്പെടുത്തുന്നതിലും വീതി നിശ്ചയിക്കുന്നതിലും അപാകതകൾ കടന്നു കൂടിയതാണു പരാതികൾക്കു പിന്നിലെ മറ്റൊരു കാരണം. ജനവാസ മേഖലയിൽ പരമാവധി 15 മീറ്റർ വരെ വീതി റോഡിനുണ്ടാകണം എന്നാണു പദ്ധതിയിലെ നിബന്ധന. എന്നാൽ പല ഭാഗത്തും ഈ നിബന്ധന പാലിച്ചിട്ടില്ല. റോഡിന്റെ ഉയരം സംബന്ധിച്ചു പലയിടത്തും ആശയക്കുഴപ്പം നിലനിൽക്കുന്നു.

മുക്കാൽ മീറ്റർ(75 സെന്റി മീറ്റർ) വരെ റോഡ് ഉയരും എന്നാണു വിവരം. റോഡിന്റെ ഉയരം കൂട്ടാൻ ഇരുവശങ്ങളിലും ഓട നിർമാണത്തിന്റെ ഭാഗമായി സ്ഥാപിക്കുന്ന സ്ലാബുകൾ ഉയരത്തിലാണു സ്ഥാപിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ പലയിടത്തും അശാസ്ത്രീയത പ്രദേശവാസികൾ പറയുന്നുണ്ട്. എന്നാൽ ഇതു ശാസ്ത്രീയമായ പഠനത്തിനു വിധേയമാക്കി ആണു ഉയരം കൂട്ടുന്നതെന്നും റോഡിന്റെ ഇരുവശത്തും സ്ഥിതി ചെയ്യുന്ന വീടുകളിലേക്കു കയറാനും ഇറങ്ങാനും ഉള്ള ബുദ്ധിമുട്ട് ഇല്ലാത്ത തരത്തിൽ ക്രമീകരണം നടത്തുമെന്നും കെഎസ്ടിപി അധികൃതർ പറയുന്നു.റോഡിന്റെ വീതി പല സ്ഥലത്തും പല തരത്തിൽ ആയതു ചില സ്വകാര്യ വ്യക്തികളെ സഹായിക്കാൻ വേണ്ടി ആണെന്ന ആക്ഷേപം ശക്തമാണ്. പുറമ്പോക്ക് കയ്യേറ്റങ്ങളെ കാര്യക്ഷമമായി ഒഴിപ്പിച്ചോ എന്ന കാര്യത്തിലും വ്യക്തതയില്ല. മഴക്കാലത്തു വെള്ളക്കെട്ട് ഉണ്ടാകാത്ത തരത്തിൽ പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തി എടുത്തില്ലെന്നും വെള്ളം ഒഴുകി പോകാൻ കഴിയാത്ത വിധം ആണു പലയിടത്തും ഓട നിർമിക്കുന്നതെന്നും ആരോപണം ഉയരുന്നുണ്ട്.

പൊന്മുടി സംസ്ഥാന ഹൈവേ നവീകരണം ഈ വർഷം ഡിസംബറിൽ ഏതാണ്ട് പൂർത്തിയാകും എന്നാണു കരാർ കമ്പനി ഈ വർഷം തുടക്കത്തിൽ നൽകിയ സൂചന. ഈ വർഷത്തെ ആദ്യത്തെ മൂന്നു മാസം ഏതാണ്ടു മഴ മാറി നിന്ന ദിവസങ്ങളാണ്. ഈ ദിവസങ്ങളിലും പണി നടന്നില്ല. ഒരു മാസത്തിനകം കാല വർഷം ശക്തി പ്രാപിക്കുമെന്നിരിക്കെ പണി കൂടുതൽ ഇഴഞ്ഞേക്കും. രാത്രിയിലും നിർമാണപ്രവർത്തനങ്ങൾ നടത്തി നവീകരണം പൂർത്തിയാക്കണമെന്നാണു നാട്ടുകാരുടെ ആവശ്യം

# റോഡ് നിർമാണം സമയബന്ധിതമായി പൂർത്തിയാക്കും

സംസ്ഥാനത്തെ റോഡുകളുടെ നിർമാണം ഗുണമേന്മ ഉറപ്പാക്കി സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ്. ആയൂർ ചുണ്ട പിഡബ്ല്യുഡി റോഡ് ബിഎം ബിസി നിലവാരത്തിൽ നവീകരിക്കുന്നതിന്റെ നിർമാണോദ്ഘാടനം മഞ്ഞപ്പാറ ജങ്ഷനിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. നിശ്ചയിച്ച പദ്ധതികൾ ഏതു പ്രതിസന്ധിഘട്ടങ്ങളെയും അതിജീവിച്ച് ജനോപകാരമായ രീതിയിൽ നടപ്പിലാക്കും. റോഡുകളുടെ നിലവാരം ഉറപ്പാക്കുന്നതിൽ സർക്കാരിന് പ്രത്യേക ശ്രദ്ധയാണ് ഉള്ളതെന്നും മന്ത്രി പറഞ്ഞു.ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അധ്യക്ഷയായി. കേരള പൗൾട്രി കോർപ്പറേഷന്റെ കോട്ടുക്കലുള്ള 10 ഏക്കർ സ്ഥലത്ത് 16 കോടി രൂപ ചെലവിൽ പൗൾട്രി ഫാം ഉടൻ നിലവിൽ വരുമെന്ന് മന്ത്രി പറഞ്ഞു.

10.90 കോടി രൂപ വിനിയോഗിച്ചാണ് റോഡ് നവീകരണം. ആയൂർ പാലത്തിന് സമീപത്തു നിന്നും ആരംഭിക്കുന്ന റോഡ് ചെങ്ങമനാട് കടയ്ക്കൽ റോഡിൽ ചുണ്ട ജങ്ഷനിൽ അവസാനിക്കുന്നു. 5.5 മീറ്റർ വീതിയിൽ ബിഎം ആൻഡ് ബിസി നിലവാരത്തിൽ റോഡിന്റെ ഉപരിതലവും ബേസും നവീകരിക്കുന്നു. സംരക്ഷണ ഭിത്തി, കലുങ്കുകൾ, ഓട, ഐറിഷ് ട്രയിൻ ഇന്റർലോക്ക്, ദിശാ സൂചികകൾ, സുരക്ഷാസംവിധാനങ്ങൾ എന്നിവയും സജ്ജമാക്കും.

ബ്ലോക്ക് പഞ്ചായത്ത് അംഗം നൗഷാദ്, ഇട്ടിവ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബി ഗിരിജമ്മ, സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങളായ ജി ദിനേശ്കുമാർ, ബി ബൈജു, ബി എസ് സോളി, ബി എസ് ബീന, ഷീജ ഷെഫീഖ്, പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അജിത് രാമചന്ദ്രൻ, രാഷ്ട്രീയ കക്ഷി നേതാക്കൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വിഴിഞ്ഞം: കെഎഫ്സിയിൽ നിന്ന് 437 കോടി വായ്പയെടുക്കുന്നു

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിക്കായി കേരള ഫിനാൻഷ്യൽ കോർപറേഷനിൽ നിന്നു 437 കോടി രൂപ കൂടി വിഴിഞ്ഞം രാജ്യാന്തര തുറമുഖ കമ്പനി (വിസിൽ) വായ്പയെടുക്കുന്നു. നേരത്തേ കെഎഫ്സിയിൽ നിന്നെടുത്ത 100 കോടി രൂപയ്ക്കു പുറമേയാണിത്. തുറമുഖവുമായി ബന്ധിപ്പിക്കുന്ന റെയിൽ പാതയുടെ നിർമാണത്തിനായി 100 കോടി രൂപ റെയിൽവേക്കു മുൻകൂർ നൽകണം. സ്ഥലമേറ്റെടുക്കലിനു തൽക്കാലം 100 കോടി രൂപ വേണം.

പുലിമുട്ടു നിർമാണത്തിനു ചെലവായ വകയിൽ അദാനി കമ്പനിക്കു നൽകാനുള്ളതാണു ബാക്കി 237 കോടി രൂപ. കെഎഫ്സിയിൽനിന്നു നേരത്തേ ലഭിച്ച 100 കോടി രൂപയും പുലിമുട്ടു നിർമാണത്തിനായാണു നൽകിയത്. ഹഡ്കോയിൽ നിന്ന് 8.25 ശതമാനം പലിശയ്ക്കു 3600 കോടി രൂപ വായ്പയെടുക്കാൻ വിസിലിനു കഴിഞ്ഞ മന്ത്രിസഭാ യോഗം അനുമതി നൽകിയിരുന്നു. ഈ വായ്പ ലഭിക്കുന്നതുവരെയുള്ള ബ്രിജ് വായ്പയായാണു തൽക്കാലം കെഎഫ്സിയെ സമീപിക്കുന്നത്. ഇതിന് അടുത്ത മന്ത്രിസഭാ യോഗത്തിന്റെ അനുമതി തേടും. പലിശനിരക്കു തീരുമാനിച്ചിട്ടില്ല.



ഹഡ്കോയിൽ നിന്നു വായ്പ ലഭിക്കുമ്പോൾ തിരിച്ചടയ്ക്കും. ഒരു മാസത്തിനകം ആദ്യ ഘട്ട വായ്പ ലഭിക്കുമെന്നാണു പ്രതീക്ഷ. ഇതിനിടെ വിഴിഞ്ഞം തുറമുഖത്തിന്റെ പേര് കേരള സർക്കാരിന്റെയും അദാനി വിഴിഞ്ഞം പോർട്ട് ലിമിറ്റഡിന്റെയും പിപിപി സംരംഭമായ വിഴിഞ്ഞം രാജ്യാന്തര തുറമുഖം എന്നു ബ്രാൻഡ് ചെയ്യാൻ സർക്കാർ തീരുമാനിച്ചു. അദാനി തുറമുഖം എന്ന പേരിൽ പലയിടത്തും പ്രയോഗിക്കുന്നതു ശ്രദ്ധയിൽ പെട്ടതിനാലാണു കൃത്യമായ പേരു നൽകി ബ്രാൻഡ് ചെയ്യുന്നത്. സർക്കാർ രേഖകളിലടക്കം ഇതുവരെ പല പേരുകളാണു പ്രയോഗിച്ചിരുന്നത്. ബ്രാൻഡിങ്ങിന്റെ ഭാഗമായി പുതിയ ലോഗോയും തയാറാക്കുന്നുണ്ട്.

മത്സ്യബന്ധന തുറമുഖത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന മാസ്റ്റർ പ്ലാൻ സംബന്ധിച്ച വിശദ പദ്ധതി രൂപരേഖ ഈ മാസം സമർപ്പിക്കുമെന്ന് ഹാർബർ എൻജി. വകുപ്പ്. ആധുനിക കാലത്തിനു യോജിക്കും വിധത്തിലുള്ള മത്സ്യബന്ധന തുറമുഖമാണ് മാസ്റ്റർ പ്ലാനിലൂടെ ആവിഷ്കരിക്കുന്നത്. അധിക വാർഫുകൾ, ഫ്ലോട്ടിങ് ബെർത്തുകൾ, ലോക്കറുകൾ, റോഡുകളുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, ശുചിമുറി സമുച്ചയങ്ങൾ, പാർക്കിങ് ഏരിയ, ഖബർ സംരക്ഷണം, ഇതിലേക്കുള്ള ഫുട് ഓവർബ്രിജ് എന്നിവയാണ് ആവിഷ്കരിക്കുകയെന്ന് എൻജി. വിഭാഗം പറഞ്ഞു. 62 കോടി രൂപയാണ് ചെലവ് ഉദ്ദേശിക്കുന്നത്. പദ്ധതി രൂപരേഖ അംഗീകാരം ലഭിച്ചാൽ ഈ വർഷം നിർമാണ നടപടികൾ തുടങ്ങാനാണ് ലക്ഷ്യമിടുന്നതെന്നും അറിയിച്ചു.

# എൽഎച്ച്ബി കോച്ച് ട്രെയിനുകൾ ചെങ്കോട്ട പാതയിലും ഓടിക്കാം; പരീക്ഷണ ഓട്ടം വിജയം

**പുനലൂർ:** ദീർഘദൂര ട്രെയിനുകളിലും വിനോദസഞ്ചാര ട്രെയിനുകളിലും ഉപയോഗിക്കുന്ന അത്യാധുനിക ലിങ്ക് ഹോഫ്മാൻ ബുഷ് (എൽഎച്ച്ബി) കോച്ചുകൾ ചെങ്കോട്ട പുനലൂർ പാതയിലും ഓടിക്കാൻ സാധിക്കുമെന്ന് പരീക്ഷണ ഓട്ടത്തിൽ തെളിഞ്ഞു. ഇതോടെ അടുത്ത മാസം ഐആർസിടിസിയുടെ എൽഎച്ച്ബി കോച്ചുകൾ ഘടിപ്പിച്ച ടൂറിസ്റ്റ് സ്പെഷൽ ട്രെയിൻ സർവീസ് കൊച്ചുവേളിയിൽ നിന്നു പ്രയാഗ്‌രാജിലേക്ക് കൊല്ലം പുനലൂർ ചെങ്കോട്ട റെയിൽവേ പാത വഴി കടന്നു പോകുമെന്ന് ഉറപ്പായി.

മുന്നിലും പിന്നിലും ശക്തി കൂടിയ രണ്ട് എൻജിനുകൾ ഘടിപ്പിച്ചാണ് ഇന്നലെ പരീക്ഷണ ഓട്ടം നടത്തിയത്. തലസ്ഥാനത്തു നിന്നും 100 കിലോമീറ്ററോളം യാത്ര ലാഭിച്ച് ചെന്നൈയിൽ എത്താവുന്ന കൊല്ലം ചെങ്കോട്ട പാതവഴി കൂടുതൽ ട്രെയിനുകൾ കടന്നുപോകാവുന്ന പാതകളുടെ പട്ടികയിൽ ഈ റൂട്ടും സ്ഥാനം പിടിച്ചു. എറണാകുളം വേളാങ്കണ്ണി



റഗുലർ സർവീസ് ആകുമ്പോൾ അതും പുതിയ കോച്ചുകൾ ഉപയോഗിച്ചായിരിക്കും സർവീസ് നടത്തുക. എൽഎച്ച്ബി കോച്ചുകളിൽ സീറ്റുകളുടെ എണ്ണം കൂടുതലാണ്.

ജർമൻ സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കി, എൽഎച്ച്ബി കോച്ചുകളിൽ നിരവധി സുരക്ഷാ സംവിധാനങ്ങളാണ് സജ്ജീകരിച്ചിരിക്കുന്നത്, ഇത് പാളം തെറ്റിയതിന് ശേഷം ഒരു കോച്ച് മറ്റൊന്നിന് മുകളിൽ മറിഞ്ഞ് വീഴുന്നത് തടയുന്നു. സ്റ്റെയിൻലെസ് സ്റ്റീൽ കൊണ്ട് നിർമിച്ച, എൽഎച്ച്ബി കോച്ചുകൾക്ക് സുരക്ഷാപരമായ നിരവധി സവിശേഷതകൾ ഉണ്ട്.

## ആഭ്യന്തര സഞ്ചാരികളുടെ എണ്ണം സർവകാല റെക്കോർഡിൽ

കേരളത്തിൽ കഴിഞ്ഞ വർഷം ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ സർവകാല റെക്കോർഡെന്ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ്. കിളികൊല്ലൂർ സഹകരണ ബാങ്കിന്റെ സൗഹാർദ വിനോദ സഞ്ചാര പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 1.80 കോടി ആഭ്യന്തര സഞ്ചാരികളാണ് 2022ൽ കേരളത്തിൽ എത്തിയത്. 2023ൽ ഇത് പുതിയ റെക്കോർഡ് സൃഷ്ടിക്കും. ടൂറിസം മേഖലയിൽ അപൂർവ നേട്ടങ്ങളും വൈവിധ്യങ്ങളുമാണ് സർക്കാർ നടപ്പിലാക്കുന്നത്. ഡെസ്റ്റിനേഷൻ വെഡിങ് റാങ്കിങ്ങിൽ കേരളത്തിന് ഒന്നാം സ്ഥാനമാണ്. ഫ്ലോട്ടിങ് ബ്രിഡ്ജ് മുഴുവൻ തീരദേശ ജില്ലകളിലും നടപ്പിലാക്കും. സഹകരണ മേഖലയെ ദുർബലമാക്കാനുള്ള ഏത് നീക്കത്തെയും സർക്കാർ ശക്തമായി നേരിടുമെന്നും മന്ത്രി പറഞ്ഞു.

വ്യക്തികൾക്കും കുടുംബങ്ങൾക്കും ചെലവ് കുറഞ്ഞ ടൂറിസം പാക്കേജുകൾ നൽകുന്നതാണ് കിളികൊല്ലൂർ സഹകരണ ബാങ്കിന്റെ സൗഹാർദ വിനോദ സഞ്ചാര പദ്ധതി. മേയർ പ്രസന്ന ഏണസ്റ്റ്, ഡെപ്യൂട്ടി മേയർ കൊല്ലം മധു, മുൻ എംപി പി രാജേന്ദ്രൻ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എക്സ് ഏണസ്റ്റ്, കേരള ബാങ്ക് ഭരണസമിതി അംഗം ജി ലാലു, കോർപ്പറേഷൻ വികസനകാര്യ അധ്യക്ഷ എസ് ഗീതാകുമാരി, ബാങ്ക് പ്രസിഡന്റ് ആർ സുജിത്കുമാർ, സെക്രട്ടറി എ പ്രദീപ് എന്നിവർ പങ്കെടുത്തു.

## രണ്ടര ലക്ഷം കടന്ന് 'വിവ കേരളം' വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക്

വിളർച്ച മുക്ത കേരളത്തിനായി സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ 'വിവ (വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക്) കേരളം' കാമ്പയിനിലൂടെ രണ്ടര ലക്ഷത്തോളം പേർക്ക് അനീമിയ പരിശോധന നടത്തിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. 15 മുതൽ 59 വയസുവരെയുള്ള പെൺകുട്ടികളിലും സ്ത്രീകളിലും അനീമിയ കണ്ടെത്തുകയും ആവശ്യമായവർക്ക് ചികിത്സ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് കാമ്പയിന്റെ പ്രധാന ലക്ഷ്യം. ഇതിലൂടെ മറഞ്ഞിരുന്ന അനേകം പേരുടെ അനീമിയ കണ്ടെത്താനും ചികിത്സ നൽകാനും സാധിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ഈ കാമ്പയിനിലൂടെ 5,845 പേർക്കാണ് ഗുരുതര അനീമിയ കണ്ടെത്താനായത്. 50,121 പേർക്ക് സാരമായ അനീമിയയും 51,816 പേർക്ക് നേരിയ അനീമിയയും കണ്ടെത്തിയിട്ടുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗം സ്ത്രീകൾക്കിടയിലും അനീമിയ കണ്ടെത്താനായി. നേരിയ അനീമിയ ബാധിച്ചവർക്ക് ആഹാരത്തിലും ജീവിത ശൈലിയിലും മാറ്റം വരുത്താനുള്ള അവബോധം നൽകുന്നു. സാരമായ അനീമിയ ബാധിച്ചവർക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി ചികിത്സ നൽകുന്നു. ഗുരുതര അനീമിയ ബാധിച്ചവർക്ക് താലൂക്ക്, ജില്ലാതല ആശുപത്രികൾ വഴി ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ഉൾപ്പെടെയുള്ള ചികിത്സ നൽകിവരുന്നു.

പൊതുജനാരോഗ്യ രംഗത്ത് സർക്കാർ നടത്തുന്ന ഏറ്റവും വലിയ ഇടപെടലുകളിലൊന്നാണ് വിവ കേരളം. ഗ്രാമീണ, നഗര, ട്രൈബൽ, തീരദേശ മേഖലകൾക്ക് പ്രത്യേക പ്രാധാന്യം നൽകിയാണ് കാമ്പയിൻ സംഘടിപ്പിച്ച് വരുന്നത്. ഹീമോഗ്ലോബിനോ മീറ്റർ ഉപയോഗിച്ച് നടത്തുന്ന ക്യാമ്പുകളിലൂടെയും ആരോഗ്യ സ്ഥാപനങ്ങൾ വഴിയുള്ള പരിശോധനകൾ വഴിയുമാണ് വിവ കേരളം കാമ്പയിൻ സംഘടിപ്പിച്ചു വരുന്നത്.

# അബാൻ മേൽപ്പാല നിർമാണം ഇഴയുന്നു



**പത്തനംതിട്ട:** തൊഴിലാളികൾ മടങ്ങി പോയതോടെ അബാൻ മേൽപാലം നിർമാണം ഇഴയുന്നു. ഒന്നര ആഴ്ചയായി പണി കാര്യമായി നടക്കുന്നില്ല. പൂർണമായും മുടങ്ങിയില്ലെന്നു വരുത്താൻ നാലും അഞ്ചും ജീവനക്കാരെ കൊണ്ട് ചെറിയ ജോലികൾ മാത്രമാണ് ചെയ്യിക്കുന്നത്.കോയമ്പത്തൂരിൽ നിന്നാണു കരാറുകാരൻ ഇവിടെ തൊഴിലാളികളെ എത്തിച്ചത്. അതിഥി തൊഴിലാളികൾക്കു നേരെ തമിഴ്നാട്ടിൽ അക്രമം നടന്നതായി വ്യാജ പ്രചാരണം വന്നതോടെ ഇവിടെ ഉണ്ടായിരുന്ന 7 തൊഴിലാളികൾ നാട്ടിലേക്ക് പോകണമെന്നു നിർബന്ധം പിടിച്ചു. അസം, ഒഡീഷ എന്നിവിടങ്ങളിൽ നിന്നുള്ള തൊഴിലാളികളായിരുന്നു ഇവർ. ഇവർക്കു പകരം പുതിയ വിദഗ്ധ തൊഴിലാളികളെ എത്തിക്കുന്നതിനുള്ള ശ്രമത്തിലാണ് കരാറുകാരൻ. 3 ദിവസത്തിനുള്ളിൽ ഇവർ എത്തുമെന്നാണു പ്രതീക്ഷ.

മേൽപാലത്തിന്റെ കോൺക്രീറ്റ് സ്ലാബ് നിർമിക്കാനുള്ള ജോലിയാണ് നടന്നു വന്നത്. കരയിൽ സ്ലാബ് നിർമിച്ച് യന്ത്ര സഹായത്തോടെ തൂണുകളിൽ ഉറപ്പിക്കാനാണ് ലക്ഷ്യമിട്ടത്. ആദ്യത്തെ സ്ലാബിന്റെ കേൺക്രീറ്റിനുള്ള കമ്പി കെട്ടുന്ന ജോലിയാണ് തൊഴിലാളികൾ പോയതോടെ മുടങ്ങിയത്. കമ്പികെട്ട് തീരാത്തതിനാൽ കിഫ്ബി ഡിസൈൻ വിഭാഗം ഇവിടെ പരിശോധനയ്ക്കു വന്നില്ല. ഇവരുടെ അന്തിമ അനുമതി ലഭിച്ച ശേഷമേ കോൺക്രീറ്റ് തുടങ്ങൂ. 30 മീറ്റർ നീളവും 12 മീറ്റർ വീതിയുമുള്ള 19 സ്ലാബ് ഉണ്ടാക്കണം. അത് കൂടാതെ 36 മീറ്റർ നീളവും 12 മീറ്റർ വീതിയുമുള്ള ഒരു സ്ലാബും നിർമിക്കാനുണ്ട്. ആവശ്യത്തിനു തൊഴിലാളികളില്ലാതെയാണു പാലത്തിന്റെ നിർമാണ പ്രവർത്തനം നടത്തുന്നതെന്ന് തുടക്കം മുതൽ തന്നെ പരാതിയുണ്ട്.

പാലത്തിനായി 92 പൈലുകളാണ് വേണ്ടത്. ഇതുവരെ 84 എണ്ണം മാത്രമാണ് തീർന്നത്. പൈലിങ് ജോലികൾ വേഗത്തിൽ നടന്നിരുന്നെങ്കിലും പിന്നീട് പണിയുടെ വേഗം കുറഞ്ഞു. ഇപ്പോൾ പൈലിങ് പൂർണമായും നിലച്ചിരിക്കുകയാണ്. ആകെ 21 തൂണുകളിൽ 14 തൂണുകളുടെ കോൺക്രീറ്റ് ജോലികളെ കഴിഞ്ഞിട്ടുള്ളൂ. ബാക്കി 7 തൂണുകൾക്കായി അടിത്തറ കോൺക്രീറ്റ് ചെയ്ത് കമ്പികൾ ഉറപ്പിച്ചു. മറ്റു പണികൾ നടന്നില്ല.

## തൊടുപുഴയിൽ നവീകരണം പൂർത്തിയായ ആറ് റോഡുകൾ ഉദ്ഘാടനം ചെയ്തു

**തൊടുപുഴ:** മണ്ഡലത്തിൽ നവീകരണം പൂർത്തിയാക്കിയ റോഡുകളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു. തൊടുപുഴ മൂപ്പിൽ കടവ് ജംഗ്ഷനിൽ നടന്ന പ്രാദേശിക ഉദ്ഘാടന ചടങ്ങിൽ തൊടുപുഴ നഗരസഭ ചെയർമാൻ സനീഷ് ജോർജ് ശിലാഫലകം അനാച്ഛാദനം ചെയ്തു. വെല്ലുവിളികൾ തരണം ചെയ്ത് റോഡിന്റെ പുനർനിർമ്മാണം സാധ്യമാക്കിയ പൊതുമരാമത്ത് വകുപ്പിനെയും അതിനു പിന്നിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥരെയും തൊഴിലാളികളെയും നഗരസഭ ചെയർമാൻ അഭിനന്ദിച്ചു.

ശബരിമല മണ്ഡല മകരവിളക്ക് ഉത്സവ പദ്ധതി 202122 ൽ ഉൾപ്പെടുത്തി തൊടുപുഴ ടൗണിനെ മുട്ടം, കരിങ്കുന്നം, പുറപ്പുഴ, ഉടുമ്പന്നൂർ എന്നീ ടൗണുകളുമായി ബന്ധിപ്പിക്കുന്ന ആറ് പ്രധാന റോഡുകളാണ് നവീകരിച്ചിരിക്കുന്നത്.

കാഞ്ഞിരമറ്റംമാങ്ങാട്ടുകവല ബൈപ്പാസ്, അമ്പലം ബൈപാസ്, കൊതായികുന്ന് ബൈപാസ്, പുനലൂർമൂവാറ്റുപുഴ റോഡിൽ പുളിക്കൽ പാലം മുതൽ പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് വരെയുള്ള ഭാഗം , മൂപ്പിൽക്കടവ് പാലത്തിലേക്കുള്ള അപ്രോച്ച് റോഡ്, തൊടുപുഴഉടുമ്പന്നൂർ റോഡിൽ പുളിമൂട് ഇലക്ട്രിക്കൽസ് ജംഗ്ഷൻ മുതൽ മാങ്ങാട്ട്കവല വരെയുള്ള റോഡുകളാണ് നവീകരണത്തിൽ ഉൾപെട്ടിട്ടുള്ളത്.



# അയിരൂരിൽ ഉറവിട മാലിന്യ സംസ്കരണത്തിന് തുടക്കം

**അയിരൂർ:** പഞ്ചായത്തിൽ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഉറവിട മാലിന്യ സംസ്കരണ പദ്ധതി ആരംഭിച്ചു. 2022,23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ജീ ബിൻ വിതരണം ചെയ്തു തുടങ്ങി. ആദ്യഘട്ടമായി 176 വീടുകൾക്ക് 5,000 രൂപ വില വരുന്ന ജീബിൻ വിതരണം ചെയ്യുന്നത്. മാലിന്യം റോഡിലേക്ക് വലിച്ചെറിയാൻ തുടങ്ങിയതോടെ ഇതിന് പരിഹാരം കണ്ടെത്തുന്നതിനാണ് പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചത്. 924,000 രൂപയാണ് 2022, 23 വാർഷിക പദ്ധതിയിൽ ഇതിനായി ഉൾപ്പെടുത്തിയത്. ഹോം കംപോസ്റ്റിങ് യൂണിറ്റാണ് ജീ ബിൻ. അടുക്കള മാലിന്യങ്ങൾ ജൈവവളമാക്കി മാറ്റുന്ന ഈ ഉൽപന്നത്തിന് കേരള ശുചിത്വമിഷന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

ജീ ബിന്നിൽ അടുക്കള മാലിന്യങ്ങൾ നിക്ഷേപിച്ചാൽ 45 ദിവസത്തിനകം വളമായി മാറും. മൾട്ടി ലെയർ മൈക്രോബിയൽ സാങ്കേതികവിദ്യയാണ് ജിബിന്നിൽ ഉപയോഗിച്ചിരിക്കുന്നത്. 29 ലീറ്റർ സംഭരണ ശേഷിയുള്ള 3 ബിന്നുകളിൽ ഒരെണ്ണം ഒരുമാസം കൊണ്ട് നിറയുന്നതാണ്. ഇതിനെ ഏകദേശം 45 ദിവസത്തിനകം ജൈവവളമാക്കി മാറ്റം. മാലിന്യങ്ങൾ ചീഞ്ഞ് ദുർഗന്ധം ഉണ്ടാകുന്നത് ഇവിടെ ഒഴിവാകും. കൃഷികൾക്ക് ഈ വളം ഉപയോഗിക്കുകയും ചെയ്യാം.

ഈ വാർഷിക പദ്ധതിയിൽ 663,000 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.പദ്ധതി പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ സാംകുട്ടി അയ്യക്കാവിൽ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് വിക്രമൻ നാരായണൻ, ആരോഗ്യ, വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ ബി. ജയശ്രീ, പഞ്ചായത്തംഗങ്ങളായ അംബുജഭായി, ബെൻസൻ പി. തോമസ്, എൻ.ജി. ഉണ്ണിക്കൃഷ്ണൻ, പ്രഭാവതി, വിജഒ സന്ദീപ് അരുൺ എന്നിവർ പ്രസംഗിച്ചു.

# മുട്ടുചിറയിൽ കുന്നിടിച്ച് മണ്ണെടുപ്പ് തുടരുന്നു

**മുട്ടുചിറ:** മുട്ടുചിറയിൽ കുന്നിടിച്ചു മണ്ണെടുപ്പ് തുടരുന്നു. പരാതിപ്പെട്ടിട്ടും നടപടിയില്ലെന്ന് നാട്ടുകാർ. കോട്ടയം എറണാകുളം റോഡരികിൽ പട്ടാളമുക്കിനു സമീപമുള്ള ഉയർന്ന് പ്രദേശത്തു നിന്നുമാണ് മാസങ്ങളായി മണ്ണെടുപ്പു നടക്കുന്നത്. കൂറ്റൻ മണ്ണുമാന്തിയന്ത്രവും ടിപ്പറുകളും ഉപയോഗിച്ചാണ് മണ്ണെടുപ്പ്. ഭൂമി നിരപ്പാക്കുന്ന എന്ന പേരിലാണ് മണ്ണെടുത്തു കടത്തുന്നതെന്ന് സമീപവാസികൾ പറയുന്നു.

കോട്ടയം എറണാകുളം റോഡിൽ നിന്നും ഭൂമിയിലേക്ക് റോഡ് നിർമിച്ചാണ് മണ്ണെടുപ്പ്. ചെറിയ വീട് നിർമാണത്തിനു പോലും മണ്ണെടുക്കുന്നതിന് പല വകുപ്പുകളുടെയും അനുമതിയും നൂലാമാലകളും കടക്കേണ്ടതുണ്ട്. എന്നാൽ, ഇവിടെ ഏക്കർ കണക്കിന് ഭൂമിയിൽ നിന്നു മണ്ണെടുക്കുന്നതിന് അധികൃതരുടെ ഭാഗത്തു നിന്നു തടസ്സങ്ങൾ ഉണ്ടായില്ല. റവന്യു, പൊലീസ് അധികൃതരുടെയും രാഷ്ട്രീയ നേതാക്കളുടെയും പിന്തുണയോടെയാണു മണ്ണെടുപ്പ് നടക്കുന്നത് എന്നാണ് പരാതി.

അനധികൃതമായി മണ്ണുമായി പോവുകയായിരുന്ന ടിപ്പർ ലോറികൾ പൊലീസ് പിടികൂടി. മുട്ടുചിറയിൽ നിന്നുമാണ് ടിപ്പറുകൾ പൊലീസ് കസ്റ്റഡിയിൽ എടുത്തത്. അനുമതിയോ പാസോ ഇല്ലാതെയായിരുന്നു ടിപ്പറിൽ മണ്ണ് കടത്തിയിരുന്നത്. കൂടാതെ ടിപ്പർ ലോറിയുടെ രേഖകളുടെ കാലാവധിയും കഴിഞ്ഞിരുന്നെന്നും ഈ വാഹനങ്ങൾ ഉപയോഗിച്ചാണ് മേഖലയിൽ മണ്ണെടുപ്പു നടത്തി വന്നിരുന്നതെന്നും പൊലീസ് പറഞ്ഞു. പിടികൂടിയ ലോറികൾ സ്റ്റേഷൻ പരിസരത്ത് സൂക്ഷിച്ചിരിക്കുകയാണ്.



# ഉന്നത വിദ്യാഭ്യാസ മേഖല മുന്നേറ്റത്തിന്റെ പാതയിൽ: മന്ത്രി ആർ ബിന്ദു

**കൊച്ചി:** കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല മാറ്റത്തിന്റെയും മുന്നേറ്റത്തിന്റെയും പാതയിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു. തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജിൽ കിഫ്ബി, റൂസ ഫണ്ടുകൾ ഉപയോഗിച്ച് നിർമാണം പൂർത്തീകരിച്ച കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥി കേന്ദ്രീകൃത കാഴ്ചപ്പാടോടെ സമഗ്ര പരിഷ്കരണമാണ് സർക്കാർ നടപ്പിലാക്കുന്നത്. കലാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ കിഫ്ബി, റൂസ ഫണ്ടുകൾ ഉപയോഗിച്ച് അക്കാദമിക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകളും മികച്ച ലൈബ്രറി സൗകര്യങ്ങളും ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി കഴിഞ്ഞ ബഡ്ജറ്റിൽ ആയിരം കോടിയിലധികം നീക്കിവെച്ചു. റൂസ ഫണ്ട് ഉപയോഗിച്ച് 567 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് സംസ്ഥാനത്തെ കലാലയങ്ങളിൽ പുരോഗമിക്കുന്നത്. ഇതിൽ 317 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സാധ്യമാക്കിയ കേരള മോഡലിന്റെ തുടർച്ചയായി ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കാണ് സർക്കാർ പരിഗണന നൽകുന്നത്. വരും തലമുറയ്ക്ക് വേണ്ടി ഏറ്റവും മികച്ച വിദ്യാഭ്യാസ രീതിയും മികച്ച തൊഴിൽ മേഖലകളും കേരളീയ അന്തരീക്ഷത്തിൽ തന്നെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. തൊഴിലും വിദ്യാഭ്യാസവും തമ്മിൽ ബന്ധിപ്പിക്കുന്ന നൈപുണ്യ വികസന ക്ലാസുകൾ വഴി കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ തൊഴിൽ നേടാൻ സാധിക്കും. മാത്രമല്ല സമൂഹത്തിലെ നേതൃത്വപരമായ മേഖലകളിൽ പ്രവർത്തിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയും



ചെയ്യുന്നു. വിദ്യാർത്ഥികളുടെ ആശയങ്ങൾ കൂടി വളർത്തിക്കൊണ്ടുവരുന്ന വിധത്തിലുള്ള നോളജ് ട്രാൻസ്ലേഷൻ സെന്ററുകളും, ഇൻക്യുബേഷൻ സെന്ററുകളും സാധ്യമാക്കുന്ന പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരികയാണ്. കേരളത്തെ ഒരു നവ പരിജ്ഞാന സമൂഹമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നതെന്നും മന്ത്രി പറഞ്ഞു.5.77 കോടി രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിച്ച പുതിയ ബിൽഡിംഗിൽ മാനുസ്ക്രിപ്റ്റ് ലൈബ്രറി, അക്കാദമിക് ബ്ലോക്ക് , മെയിൻ ലൈബ്രറി , പരീക്ഷാ ഹാൾ, സെമിനാർ ഹാൾ, ലേഡീസ് വെയ്റ്റിംഗ് ഹാൾ തുടങ്ങിയവയാണ് സജ്ജീകരിച്ചിരിക്കുന്നത്. രണ്ടുകോടി രൂപയുടെ റൂസ ഫണ്ട് ഉപയോഗിച്ച് ക്ലാസ് റൂമുകൾ ,സ്റ്റാഫ് റൂമുകൾ ,ഡിജിറ്റൽ ലൈബ്രറി, ഓഡിറ്റോറിയം നവീകരണം, ടോയ്‌ലറ്റ് നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി.പരിപാടിയിൽ കെ ബാബു എംഎൽഎ അധ്യക്ഷത വഹിച്ചു. തൃപ്പൂണിത്തുറ നഗരസഭ ചെയർപേഴ്സൺ രമ സന്തോഷ്, വൈസ് ചെയർമാൻ കെ കെ പ്രദീപ് കുമാർ, പ്രിൻസിപ്പാൾ ഡോ. വി കെ അമല, റൂസ കോർഡിനേറ്റർ പി വി അജികുമാർ, വാർഡ് കൗൺസിലർ സാവിത്രി നരസിംഹ റാവു, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, പിടിഎ ഭാരവാഹികൾ, കോളേജ് അധ്യാപകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളിൽ കേന്ദ്ര നീതി ആയോഗ് സംഘം സന്ദർശനം നടത്തി

## എറണാകുളം ജില്ലയിലെ എടവനക്കാട്, തൃക്കാക്കര ഗവ. ആയുർവേദ ഡിസ്പെൻസറികളിലെ ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളാണ് തെരഞ്ഞെടുത്തത്. ഹോമിയോയിലെ സന്ദർശനത്തിന് ആലപ്പുഴ ജില്ലയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

**കൊച്ചി:** കേരളത്തിലെ ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര നീതി ആയോഗ് സംഘം ജില്ലയിൽ സന്ദർശനം നടത്തി. ആയുർവേദ മേഖലയിൽ നിന്നും എറണാകുളം ജില്ലയിലെ എടവനക്കാട്, തൃക്കാക്കര ഗവ. ആയുർവേദ ഡിസ്പെൻസറികളിലെ ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളാണ് തെരഞ്ഞെടുത്തത്. ഹോമിയോയിലെ സന്ദർശനത്തിന് ആലപ്പുഴ ജില്ലയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. നാഷണൽ ആയുഷ് മിഷൻ ഫണ്ട് വഴിയാണ് ആയുർവേദ ഹോമിയോ ഡിസ്പെൻസറികളെ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളായി ഉയർത്തിയിരിക്കുന്നത്. ജില്ലയിൽ ആയുർവേദത്തിൽ 22 ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളും ഹോമിയോയിൽ 13 ഉം ഉൾപ്പടെ ആകെ 35 എണ്ണമാണ് നിലവിലുള്ളത്. സംസ്ഥാനത്ത് ആകെ 520 എണ്ണം ഉണ്ട്. റിഷിത മുഖർജിയുടെ നേതൃത്വത്തിൽ നേഹ ശർമ്മ ഉൾപ്പെട്ട സംഘമാണ് ജില്ലയിൽ സന്ദർശനം നടത്തിയത്. നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ ഡോ: പി.ആർ സജി, ഡോ: ജയനാരായണൻ, ജില്ലാ പ്രോഗ്രാം മാനേജർ ഡോ: എം.എസ്. നൗഷാദ്, വരാപ്പുഴ ആയുർവേദ മെഡിക്കൽ ഓഫീസർ ഡോ: കെ.എസ്. ജിൻസി എന്നിവർ അനുഗമിച്ചു. തൃക്കാക്കര മുനിസിപ്പൽ ചെയർപേഴ്സൺ അജിത തങ്കപ്പൻ, വൈസ് ചെയർമാൻ ഇബ്രാഹിംകുട്ടി, എടവനക്കാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഹസീന അബ്ദുൽ സലാം, ജില്ലാ പഞ്ചായത്ത് മെമ്പർ ഷൈനി, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇക്ബാൽ, ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷ കൊച്ചുത്രേസ്യ, മെഡിക്കൽ ഓഫീസർമാരായ ഡോ: ലിഷാമോൾ കെ.എസ്, ഡോ: ആഷാമോൾ ടി.സി, ആശുപത്രി വികസന സമിതി അംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.മാതൃ ശിശു ആരോഗ്യ സംരക്ഷണം, കൗമാര ആരോഗ്യം, വയോജന ആരോഗ്യം എന്നിവകൾക്ക് പ്രാധാന്യം നൽകിയുള്ള സ്വാസ്ഥ്യ എന്ന പേരിലെ കേരളത്തിലെ ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളുടെ പ്രവർത്തനങ്ങളിൽ ജീവിത ശൈലീ രോഗ നിയന്ത്രണവും പകർച്ച വ്യാധി പ്രതിരോധവും ഉൾപ്പെടുന്നു. യോഗയുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് യോഗാ പരിശീലകരുടെ സേവനവും ഉറപ്പു വരുത്തുന്നു. വിവിധ രോഗങ്ങളുടെ സ്ക്രീനിങ്ങുകൾ, നല്ല ആഹാരശീലങ്ങൾ എന്നിവയ്ക്കും ശ്രദ്ധ നൽകുന്നു.



## വിദേശ തൊഴിൽ ധനസഹായം

**കൊച്ചി:** അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരും വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയുള്ളവരും 20 നും 45 നും മദ്ധ്യേ പ്രായമുള്ളവരുമായ പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടുന്നതിന് ധനസഹായം നൽകുന്നു. വിദേശത്ത് ജോലി ലഭ്യമാകുന്ന മുറയ്ക്ക് പ്രാരംഭ ചെലവുകൾ പരിഹരിക്കുന്ന തിനായാണ് ധനസഹായം നൽകുന്നത്. പാസ്പോർട്ടിന്റെയും തൊഴിൽ വിസയുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷിക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ്സ്/ ബന്ധപ്പെടേണ്ടതാണ്. ജില്ലാ പട്ടികജാതി വികസന ഓഫീസിന്റെ ഫോൺ നമ്പർ : 04842422256.

## അങ്കണവാടി വർക്കർ, ഹെൽപ്പർ: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള മൂവാറ്റുപുഴ അഡീഷണൽ വനിതാ ശിശു വികസന പദ്ധതി ഓഫീസിൻറെ പരിധിയിലുള്ള ആരക്കുഴ, ആയവന, ആവോലി, കല്ലൂർക്കാട്, മഞ്ഞള്ളൂർ, മാറാടി എന്നീ പഞ്ചായത്തുകളിലെ അങ്കണവാടികളിൽ നിലവിലുള്ളതും ഭാവിയിൽ ഉാകാവുന്ന അങ്കണവാടി വർക്കർമാരുടെയും, ഹെൽപ്പർമാരുടെയും ഒഴിവുകളിലേയ്ക്കും അപേക്ഷിക്കാം. അപേക്ഷിക്കുന്നവർ അതാത് പഞ്ചായത്തിൽ സ്ഥിര താമസക്കാരായിരിക്കണം .അങ്കണവാടി വർക്കർ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ എസ് എസ്എൽസി വിജയിച്ചവരായിരിക്കണം. ഹെൽപ്പർ തസ്തികയിലേക്ക് എസ്എസ്എൽസി വിജയിക്കാത്ത എഴുത്തും വായനയും അറിയാവുന്നവർക്ക് അപേക്ഷിക്കാം. പ്രായം 18 നും 46 വയസ്സിനുമിടയ്ക്ക്. അർഹതപ്പെട്ടവർക്ക് നിയമാനുസൃതമായ വയസ്സിളവ് ലഭിക്കും. അപേക്ഷ ലഭിക്കേ അവസാന തീയ്യതി ഏപ്രിൽ 27 വൈകിട്ട് അഞ്ചു വരെ. കൂടുതൽ വിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും മൂവാറ്റുപുഴ അഡീഷണൽ വനിതാ ശിശു വികസന പദ്ധതി ഓഫീസിൽ അറിയാം . ഫോൺ നമ്പർ 0485 2810018 .

## യോഗ പ്രവേശന തീയതികൾ ദീർഘിപ്പിച്ചു

**കൊച്ചി:** സ്കോൾകേരള മുഖേന നാഷണൽ ആയുഷ് മിഷന്റേയും, സംസ്ഥാന ആയുഷ് വകുപ്പിന്റേയും അംഗീകാരത്തോടെ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോട്സ് യോഗ കോഴ്സ് ഒന്നാം ബാച്ചിലേയ്ക്കുള്ള (2023) പ്രവേശന തീയതികൾ ദീർഘിപ്പിച്ചു. പിഴയില്ലാതെ 20/04/2023 വരെയും 100/രൂപ പിഴയോടെ 27/04/2023 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. മാർഗ്ഗനിർദ്ദേശങ്ങൾക്ക് www.scolekerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. വിശദ വിവരങ്ങൾക്ക് എറണാകുളം ജില്ലാ ഓഫീസിലെ 0484 2377537, 9447913820 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

# അസിസ്റ്റഡ് റിയാലിറ്റി ആംബുലൻസുമായി ആസ്റ്റർ മെഡ്സിറ്റി

## 5 ജിയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ആദ്യത്തെ ആംബുലൻസ്




**തിരുവനന്തപുരം:** രാജ്യത്തെ ആദ്യത്തെ അസിസ്റ്റഡ് റിയാലിറ്റി ആംബുലസ് സംവിധാനം അവതരിപ്പിച്ച് ആസ്റ്റർ മെഡ്സിറ്റി. അപ്പോത്തിക്കരി മെഡിക്കൽ സർവീസസ് എന്ന മെഡിക്കൽ സ്റ്റാർട്ട് അപ്പ്സ്ഥാപനത്തിന്റെ സഹായത്തോടെയാണ് 5ജി ഉപഗ്രഹസാങ്കേതിക വിദ്യയുടെ പിൻബലത്തിൽ പ്രവർത്തിക്കുന്ന അത്യാധുനിക ആംബുലൻസ് സംവിധാനം ഒരുക്കിയിരിക്കുന്നത്. ആംബുലസിനുള്ളിൽ എബിജി, ഇസിജി, യുഎസ്ജി പരിശോധനകൾ ഉൾപ്പെടെ നടത്താൻ കഴിയുന്ന വെർച്ചൽ എമർജൻസി റൂമാണ് ഒരുക്കിയിട്ടുള്ളത്. ഇതുപയോഗിച്ച് ആംബുലസിൽ പ്രവേശിപ്പിച്ച് നിമിഷങ്ങൾക്കുള്ളിൽ രോഗിയുടെ പരിശോധനയും രോഗനിർണയവും നടത്താനാകും. തിരുവനന്തപുരത്ത് നടത്തിയ ചടങ്ങിൽ ഡോ. ശശി തരൂർ എംപി 5ജി ആംബുലൻസ് ഉദ്ഘാടനം ചെയ്തു.ആംബുലൻസിനകത്തുള്ള എല്ലാ ബയോമെഡിക്കൽ ഉപകരണങ്ങളും വൈഫൈ വഴി പരസ്പരം ബന്ധിപ്പിച്ചിട്ടുള്ളതാണ്. ഇവ ഉടൻ തന്നെ വിവരങ്ങൾ കൺട്രോൾ റൂമിലേക്ക് കൈമാറുകയും രോഗി ആശുപത്രിയിൽ എത്തുന്നത് വരെ വിദഗ്ധ ഡോക്ടർമാർ അവരെ നിരീക്ഷിക്കുകയും ആവശ്യമെങ്കിൽ ആംബുലൻസിലുള്ള ജൂനിയർ ഡോക്ടർമാർക്ക് നിർദേശങ്ങൾ നൽകുകയും ചെയ്യും.സ്മാർട്ട് കണ്ണടകൾ ഉപയോഗിച്ച് തത്സമയം ഒരു വിദഗ്ധ ഡോക്ടറുടെ സഹായം തേടുകയുമാവാം.ആംബുലൻസിൽ കിടക്കുന്ന രോഗിയുടെ രക്തത്തിലെ ഓക്സിജന്റെ അളവ്, ആന്തരിക രക്തസ്രാവത്തിന്റെ ചിത്രങ്ങൾ, ഇസിജി, എന്നിവയെല്ലാം ആശുപത്രിയിലുള്ള കൺട്രോൾ റൂമിലേക്കും അതുവഴി വിദഗ്ധ ഡോക്ടറിലേക്കും എത്തിക്കാൻ ആംബുലൻസിനു കഴിയും. അതുവഴി ആംബുലൻസിലുള്ള ജൂനിയർ ഡോക്ടറിനും മറ്റ് ജീവനക്കാർക്കും കൃത്യമായ നിർദേശങ്ങളും സഹായങ്ങളും എത്തിക്കാം.സാധാരണ ആംബുലൻസുകളിൽ വാഹനത്തിന്റെ ഒരു വശത്തോട് ചേർന്നായിരിക്കും രോഗിയെ കിടത്തുന്നതിനുള്ള സ്ട്രെച്ചർ ഉള്ളത്. എന്നാൽ ഈ സ്മാർട്ട് ആംബുലൻസിൽ വാഹനത്തിന്റെ മധ്യത്തിലായാണ് രോഗിയെ കിടത്തുക. അതിന് ചുറ്റും മെഡിക്കൽ ഉപകരണങ്ങളും ഡോക്ടർക്ക് നിൽക്കാനുള്ള സൗകര്യവും ഉണ്ട്. ഒരു ആശുപത്രിയിലെ കാഷ്വാലിറ്റി റൂമിന് സമാനമായ സൗകര്യങ്ങളാണ് ആംബുലൻസിനുള്ളിൽ ഒരുക്കിയിട്ടുള്ളത്. ഹൃദയവും ശ്വാസകോശവും തകരാറിലാകുന്ന സാഹചര്യങ്ങളിൽ രക്തം ശുദ്ധീകരിച്ച് അതിലേക്ക് ഓക്സിജൻ എത്തിക്കുന്നതിനുള്ള ജീവൻരക്ഷാ ഉപാധിയായ എക്മോയും (വെന്റിലേറ്ററിന്റെ ആധുനിക രൂപം) ഈ ആംബുലൻസിലുണ്ട്. ഒപ്പം കൂടുതൽ രക്തം പമ്പ് ചെയ്യാൻ ഹൃദയത്തെ സഹായിക്കുന്ന ഐ.എ.ബി.പി സംവിധാനവും ഒരുക്കിയിട്ടുണ്ട്. അപകടങ്ങളിൽ പരിക്കേറ്റ ഒന്നിലധികം പേരെ ചികിത്സിക്കാനുള്ള ക്രാഷ് കാർട്ട് ഡോർ സൗകര്യവും സ്മാർട്ട് ആംബുലൻസിൽ ലഭ്യമാണ്.അവശ്യഘട്ടങ്ങളിൽ ആംബുലൻസിന്റെ ഉയരം കുറച്ച് രോഗികളെ സുഖകരമായി അകത്ത് കയറ്റാൻ സഹായിക്കുന്ന എയർ സസ്പെൻഷൻ സംവിധാനമാണ് ഈ ആംബുലൻസിലുള്ളത്. വാഹനത്തിനുള്ളിൽ യാത്ര ചെയ്യുമ്പോൾ ഛർദി പോലെയുള്ള പ്രശ്നങ്ങൾക്ക് കാരണമാകുന്ന മോഷൻ സിക്ക്നെസ്സ് എന്ന അവസ്ഥ തടയാനുള്ള സംവിധാനങ്ങളും വിമാനങ്ങളിലേത് പോലെയുള്ള ജംപ് സീറ്റുകളുമാണ് സജ്ജീകരിച്ചിട്ടുള്ളത്. മടക്കിവെക്കാവുന്ന വീൽചെയറുകളും സ്ട്രക്ച്ചറുകളും ആംബുലൻസിന്റെ പുറത്ത് നിന്ന് തന്നെ എടുത്ത് ഉപയോഗിക്കാൻ കഴിയും. ആംബുലൻസിനുള്ളിൽ ലഭ്യമായ വളരെ കുറഞ്ഞ സ്ഥലംപോലും അതിവിദഗ്ധമായി ഉപയോഗപ്രദമാകുന്ന രീതിയിലാണ് വാഹനം രൂപകൽപന ചെയ്തിട്ടുള്ളത്.ആധുനിക സാങ്കേതികവിദ്യ ശരിയായ രീതിയിൽ ഉപയോഗിച്ചാൽ ആരോഗ്യരംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയും എന്നതിന്റെ തെളിവാണ് ഈ ആംബുലൻസ് എന്ന് ആസ്റ്റർ ഇന്ത്യയുടെ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിർ പറഞ്ഞു. രാജ്യത്താദ്യമായി ഇത്തരത്തിലൊരു സ്മാർട്ട് ആംബുലൻസ് അവതരിപ്പിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്നും ഇനിയും ഉന്നത മേന്മയുള്ള ചികിത്സാ സംവിധാനങ്ങൾ എത്തിക്കാനുള്ള ശ്രമങ്ങൾ തുടരുമെന്നും അദ്ദേഹം പറഞ്ഞു.ആസ്റ്റർ മെഡ്സിറ്റിയുമായി ഈ ഉദ്യമത്തിൽ പങ്കാളികളായതിൽ അതിയായ സന്തോഷമുണ്ടെന്ന് അപ്പോത്തിക്കരി മെഡിക്കൽ സർവീസസിന്റെ സിഇഒയും മാനേജിങ് ഡയറക്ടറുമായ ഡോ. നദീം ഷാ ഹംസത് ടി.എ പറഞ്ഞു. കേരളത്തിലെ അത്യാഹിത ആരോഗ്യമേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ ആംബുലൻസിന് കഴിയുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.കേരളത്തിലെ ആംബുലൻസ് സംവിധാനങ്ങളുടെ ഭാവിയെന്താകുമെന്ന് നിർണയിക്കുന്ന ചുവടുവെപ്പാണ് ആസ്റ്റർ മെഡ്സിറ്റിയും അപ്പോത്തിക്കരി മെഡിക്കൽ സർവീസസും ചേർന്ന് അവതരിപ്പിച്ചിരിക്കുന്ന പുതിയ സംവിധാനം.

# കാഴ്ച പരിമിതരുടെ ക്രിക്കറ്റ് : ആദ്യ ഇന്ത്യൻ വനിതാ ടീമിൽ മലയാളിയായ സാന്ദ്ര

### പൂക്കോട് സ്വദേശിയായ സാന്ദ്ര ഒറ്റപ്പാലം എൻഎസ്എസ് കോളേജിൽ ബിഎഡ് വിദ്യാർത്ഥിയാണ്

### സാധ്യതാ പട്ടികയിൽ രണ്ട് മലയാളി താരങ്ങളാണുണ്ടായിരുന്നതെങ്കിലും ഇടം പിടിച്ചത് സാന്ദ്ര മാത്രം



**കൊച്ചി:** കാഴ്ച പരിമിതരുടെ ആദ്യ വനിതാ ക്രിക്കറ്റ് ഇന്ത്യൻ ടീമിൽ മലയാളിയായ സാന്ദ്രാ ഡേവിസ് ഇടം പിടിച്ചു. തൃശൂർ സ്വദേശിയായ സാന്ദ്ര ഡേവിസ് കെ ആണ് 17 അംഗ ഇന്ത്യൻ ക്രിക്കറ്റ് ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ഭോപ്പാലിൽ നടന്ന സെലക്ഷൻ ട്രയൽസിലെ പ്രകടനമാണ് സാന്ദ്രക്ക് ദേശീയ ടീമിലേക്കുള്ള വഴി തുറന്നത്. പൂക്കോട് സ്വദേശിയായ സാന്ദ്ര നിലവിൽ ഒറ്റപ്പാലം എൻഎസ്എസ് കോളേജിൽ ബിഎഡ് വിദ്യാർത്ഥിയാണ്.സാധ്യതാ പട്ടികയിൽ രണ്ട് മലയാളി താരങ്ങളാണുണ്ടായിരുന്നതെങ്കിലും സാന്ദ്രയാണ് 17 അംഗ ടീമിൽ ഇടം പിടിച്ചത്. 38 അംഗ സാധ്യതാ പട്ടികയിൽ നിന്നുമാണ് 17 അംഗ ടീമിനെ തെരഞ്ഞെടുത്തത്. ഇതാദ്യമായാണ് കാഴ്ച പരിമിതരുടെ വനിതാ ഇന്ത്യൻ ക്രിക്കറ്റ് ടീം രൂപീകരിക്കുന്നത്.മധ്യപ്രദേശുകാരിയായ സുഷമ പാട്ടേൽ ആണ് ടീം ക്യാപ്റ്റൻ. കർണാടകയിൽ നിന്നുള്ള നീലപ്പ ഹരിജൻ ആണ് വൈസ് ക്യാപ്റ്റൻ. ഹർമൻ പ്രീത് കൗറാണ് ഈ വർഷത്തെ വനിതാ ക്രിക്കറ്റ് ടീമിന്റെ ബ്രാൻഡ് അംബാസിഡർ. ഏപ്രിൽ 25 മുതൽ 30 വരെ കാട്മണ്ഠുവിൽ നടക്കുന്ന നേപ്പാളിനെതിരെയുള്ള പരമ്പരയിലാണ് കാഴ്ചപരിമിതരുടെ വനിതാ ഇന്ത്യൻ ക്രിക്കറ്റ് ടീം അരങ്ങേറുന്നത്. ഇതിന്റെ മുന്നോടിയായി ഏപ്രിൽ 17 മുതൽ 22 വരെ ഗുരുഗ്രാമിലെ ശാരദാ സ്പോർട്സ് ക്യൂബ് ഫൗണ്ടേഷനിൽ ടീം പരിശീലനം നടത്തും.ആഭ്യന്തര ക്രിക്കറ്റിൽ കേരളത്തിന് മികച്ച പ്രകടനം നടത്തിയ സാന്ദ്ര ഇന്ത്യൻ ടീമിൽ ഇടം നേടിയത് സംസ്ഥാനത്തെ കാഴ്ചപരിമിതരുടെ ക്രിക്കറ്റിന് ഏറെ ഊർജ്ജം പകരുന്നതിനൊപ്പം കാഴ്ചപരിമിതരായ പെൺകുട്ടികൾക്ക് പ്രചോദനമാകുന്നതാണെന്ന് ക്രിക്കറ്റ് അസോസിയേഷൻ ഫോർ ബ്ലൈൻഡ് ഇൻ കേരള ജനറൽ സെക്രട്ടറി രജനീഷ് ഹെൻട്രി അറിയിച്ചു.

## സിവിൽ സർവീസ് കോച്ചിങ്ങ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ അക്കാദമിക് വിഭാഗമായ കിലെ ഐ എ എസ് അക്കാദമിയിൽ സിവിൽ സർവീസ് കോച്ചിങ്ങിനു അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരത്തു വഞ്ചിയൂരിൽ പ്രവർത്തിക്കുന്ന ഈ സർക്കാർ സ്ഥാപനത്തിൽ പുതിയ ബാച്ച് ജൂൺ 2023 ആദ്യ വാരം ആരംഭിക്കും. പത്തു മാസകാലമാണ് ഈ കോഴ്സിന്റെ കാലാവധി. ഏതെങ്കിലും വിഷയത്തിൽ ബിരുദം അടിസ്ഥാന യോഗ്യത. കേരളത്തിലെ സംഘടിത അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ആശ്രിതർക്കാണ് (മക്കൾ / ഭാര്യ / ഭർത്താവ് / സഹോദരി / സഹോദരൻ) ഈ പരിശീലത്തിനു മുൻഗണനന. അവർക്കു കുറഞ്ഞ ഫീസും മറ്റു ആനുകൂല്യങ്ങളും ലഭിക്കുന്നതായിരിക്കും. അതോടൊപ്പം മറ്റു വിദ്യാർത്ഥികൾക്കും ഈ പരിശീലനത്തിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷിക്കുവാനുള്ള ഗൂഗിൾ ഫോം കിലെയുടെ വെബ്സൈറ്റിൽ (www.kile.gov.in ) ലഭ്യമാണ്. .കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ:7907099629, 04172479966, 0471 2309012)

## മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ മുഖേന നൽകുന്ന പലിശ രഹിത ഭവന വായ്പക്ക് അപേക്ഷ ക്ഷണിച്ചു. രണ്ടര ലക്ഷം രൂപയാണ് വായ്പയായി അനുവദിക്കുക. ഏഴ് വർഷമാണ് തിരിച്ചടവ് കാലാവധി. ക്ഷേമനിധിയിൽ രണ്ട് വർഷം പൂർത്തിയായ അംഗങ്ങൾക്ക് അപേക്ഷിക്കാം. പ്രായം 30 വയസിനും 50 വയസ്സിനും ഇടയിലായിരിക്കണം. അപേക്ഷ ഫോറവും കൂടുതൽ വിവരങ്ങളും www.kmtboard.in വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും മെയ് 31 ന് വൈകിട്ട് അഞ്ചിനകം കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓഫീസിൽ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ്, കെ.യു.ആർ.ഡി.എഫ്.സി. കെട്ടിടം, രണ്ടാംനില, വെസ്റ്റ് ഹിൽപി.ഒ, ചക്കോരത്ത്കുളം, കോഴിക്കോട്673005) സമർപ്പിക്കേണ്ടതാണ്. ഫോൺ നമ്പർ 0495 2966577.

## മോഡൽ ഫിനിഷിങ് സ്കൂളിൽ സമ്മർ ക്യാമ്പ്

**കൊച്ചി:** കലൂർ ജവഹർലാൽ നെഹ്റു ഇന്റർ നാഷണൽ സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാർ സ്ഥാപനമായ മോഡൽ ഫിനിഷിങ് സ്കൂളിൽ വിദ്യാർത്ഥികൾക്കായി ശാസ്ത്രസാങ്കേതിക വിദ്യയിൽ പ്രഗൽഭരാകുവാനും, നൂതന ആശയങ്ങൾ വളർത്തിയെടുക്കുവാനും ഐ.ഒ.റ്റി ആൻറ് റോബോട്ടിക്സ് ( വെബ് ഡിസൈനിങ് തുടങ്ങിയവയിൽ 10 ദിവസം സമ്മർ ക്യാമ്പ് ഏപ്രിൽ 24 ന് ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2985252.

# ബ്രാൻഡ് ഫിലിം പുറത്തിറക്കി ബ്രാൻഡ് ന്യൂഗോ

**മുംബൈ:** ഗ്രീൻസെൽ മൊബിലിറ്റിയിൽ നിന്നുള്ള ഇന്റർസിറ്റി ഇലക്ട്രിക് ബസ് ബ്രാൻഡ് ന്യൂഗോ തങ്ങളുടെ ആദ്യ ബ്രാൻഡ് ഫിലിം പുറത്തിറക്കി. വിസിലിംഗ് വുഡ്സ് ഇന്റർനാഷണലിലെ വിദ്യാർത്ഥികളാണ് 2 മിനിറ്റ് ദൈർഘ്യമുള്ള ഫിലിം നിർമിച്ചിരിക്കുന്നത്.ആധുനിക ഉപഭോക്തൃ ആവശ്യകതകളെ ഉയർത്തിക്കാട്ടുന്നതോടൊപ്പം ഒപ്പം ഒരു ഉപഭോക്തൃ കേന്ദ്രീകൃത ബ്രാൻഡ് എന്ന നിലയിൽ എങ്ങനെ യാത്രക്കാരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നു എന്നതും ബ്രാൻഡ് ഫിലിമിൽ കാണിക്കുന്നു. ഓരോ യാത്രക്കാരനും സുഖകരമായി ചാരിയിരിക്കാവുന്ന സീറ്റുകൾ, വിവിധ നഗരങ്ങളിലെ ലോഞ്ചുകൾ, കൂടുതൽ ലെഗ് സ്പേസ്, പരിശീലനം ലഭിച്ച ജീവനക്കാർ, സിസിടിവി നിരീക്ഷണം, ഡ്രൈവർ മോണിറ്ററിംഗ് സിസ്റ്റം, കൃത്യസമയത്ത് പുറപ്പെടൽ, വേഗപരിധി പരിശോധനകൾ തുടങ്ങിയ പ്രീമിയം സേവനങ്ങൾ എങ്ങനെ വാഗ്ദാനം ചെയ്യുന്നു എന്ന സന്ദേശം കാമ്പയിൻ വിഭാവനം ചെയ്യുന്നു.ചലച്ചിത്ര നിർമ്മാതാവായ സുഭാഷ് ഘായി സ്ഥാപിച്ച വിസിലിംഗ് വുഡ്സ് ഇന്റർനാഷണൽ, ഏഷ്യയിലെ മുൻനിര ഫിലിം, കമ്മ്യൂണിക്കേഷൻ, ക്രിയേറ്റീവ് ആർട്സ് സ്ഥാപനങ്ങളിലൊന്നാണ്. വിസിലിംഗ് വുഡ്സ് ഇൻസ്റ്റിറ്റ്യൂട്ടിലെ 12 വിദ്യാർത്ഥികൾ രണ്ടു ദിവസം മാത്രമെടുത്താണ് ഷൂട്ടിങ്ങ് പൂർത്തിയാക്കിയത്. എഡിറ്റിംഗ്, വോയ്സ് ഓവർ, സംഗീതം തുടങ്ങിയ ജോലികളും വിദ്യാർത്ഥികൾ തന്നെയാണ് ചെയ്തത്. ഇത് ന്യൂഗോയ്ക്കായി മാത്രം വികസിപ്പിച്ചെടുത്തതാണെന്ന് ബ്രാൻഡ് ഫിലിമിനെക്കുറിച്ച് ഗ്രീൻസെൽ മൊബിലിറ്റിയുടെ സിഇഒയും എംഡിയുമായ ദേവേന്ദ്ര ചൗള പറഞ്ഞു. ഉപഭോക്താക്കൾക്ക് ന്യൂഗോ വാഗ്ദാനം ചെയ്യുന്ന സമാനതകളില്ലാത്ത സേവനങ്ങൾ എന്തൊക്കെയാണെന്ന് കാണിക്കാനാണ് തങ്ങൾ ലക്ഷ്യമിടുന്നത്. അസാധാരണമായ സേവനങ്ങൾ നൽകുന്നതിൽ തങ്ങളുടെ ടീമിന്റെ അചഞ്ചലമായ പ്രതിബദ്ധതയിൽ തങ്ങൾക്ക് അഭിമാനമുണ്ട്. അവരുടെ കഠിനാധ്വാനത്തിന്റെയും അർപ്പണബോധത്തിന്റെയും തെളിവാണ് ഈ വീഡിയോ. തങ്ങളുടെ ഉപഭോക്താക്കൾ സുരക്ഷിതമായ കൈകളിലാണെന്ന് അറിഞ്ഞുകൊണ്ട് അവരുടെ ഭാവി യാത്രാ ആവശ്യങ്ങൾക്കായി ന്യൂഗോ തിരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.ന്യൂഗോയുടെ ബ്രാൻഡ് ഫിലിമിൽ പ്രവർത്തിക്കുന്നത് വിസിലിംഗ് വുഡ്സ് ഇന്റർനാഷണലിലെ വിദ്യാർത്ഥികൾക്ക് അവിശ്വസനീയമായ അവസരമാണെന്ന് ബ്രാൻഡ് ഫിലിമിനെക്കുറിച്ച് സംസാരിച്ച വിസിലിംഗ് വുഡ്സ് ഇന്റർനാഷണലിന്റെ സ്ഥാപകനും ചെയർമാനുമായ സുഭാഷ് ഘായ് പറഞ്ഞു.കഴിഞ്ഞ വർഷം ആരംഭിച്ച ഗ്രീൻസെൽ മൊബിലിറ്റിയുടെ മുൻനിര ഇന്റർസിറ്റി പാൻ ഇന്ത്യ ഇലക്ട്രിക് മൊബിലിറ്റി കോച്ച് ബ്രാൻഡാണ് ന്യൂഗോ. നിലവിൽ ഇന്ത്യയിലുടനീളം പ്രധാനമായും ഭോപ്പാൽ,ഇൻഡോർ, ഡൽഹി,ചണ്ഡീഗഢ്, ഡൽഹി, ഡെറാഡൂൺ, ഡൽഹി,ജയ്പൂർ, ഡൽഹി,ആഗ്ര, ആഗ്ര,ജയ്പൂർ, ബംഗളൂരു,തിരുപ്പതി, ഹൈദരാബാദ്,വിജയവാഡ എന്നീ റൂട്ടുകളിലാണ് ബ്രാൻഡ് വിജയകരമായി സർവീസ് നടത്തുന്നത്. ന്യൂഗോ കോച്ചുകൾ നൂതന സാങ്കേതികവിദ്യയിൽ സജ്ജീകരിച്ചിരിക്കുന്നു, സുരക്ഷ, കൃത്യനിഷ്ഠ, തടസ്സമില്ലാത്ത ഉപഭോക്തൃ അനുഭവം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അന്തർ നഗര യാത്രക്കാർക്ക് എൻഡ്ടുഎൻഡ് സൗകര്യം വാഗ്ദാനം ചെയ്യുന്നു.സിസിടിവി നിരീക്ഷണം, ഡ്രൈവർ ബ്രീത്ത് അനലൈസർ, ഡ്രൈവർ മോണിറ്ററിംഗ് സിസ്റ്റം, സ്പീഡ് ലിമിറ്റ് ചെക്കുകൾ തുടങ്ങിയ സുരക്ഷാ ഫീച്ചറുകൾ ബ്രാൻഡ് വാഗ്ദാനം ചെയ്യുന്നതിനാൽ ന്യൂഗോ ഇന്നത്തെ ആധുനികവും സൗകര്യപ്രദവും സുരക്ഷിതവുമായ യാത്രാ മാർഗമാണ്. മെക്കാനിക്കൽ, ഇലക്ട്രിക്കൽ പരിശോധനകൾ ഉൾപ്പെടെ 25 കർശന സുരക്ഷാ പരിശോധനകളിലൂടെയാണ് ന്യൂഗോ കോച്ചുകൾ കടന്നുപോകുന്നത്.



# കൊച്ചി മാരത്തൺ: റോഡ് ഷോ ആരംഭിച്ചു



**കൊച്ചി:** ക്ലിയോസ്പോർട്സ് സംഘടിപ്പിക്കുന്ന പ്രഥമ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ രജിസ്ട്രേഷൻ പ്രചരണാർഥമുള്ള റോഡ് ഷോ ആരംഭിച്ചു. കടവന്ത്ര റീജിയണൽ സ്പോർട്സ് സെന്ററിൽ നടന്ന ചടങ്ങിൽ ഹൈബി ഈഡൻ എംപി റോഡ്ഷോ ഫ്ളാഗ് ഓഫ് ചെയ്തു. കൊച്ചിയുടെ ഖ്യാതി ആഗോളതലത്തിൽ എത്തിക്കാൻ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിനാകട്ടെയെന്ന് അദ്ദേഹം പറഞ്ഞു. ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റും സോണൽ ഹെഡുമായ കുര്യാക്കോസ് കോണിൽ, റീജ്യണൽ സ്പോർട്സ് സെന്റർ സെക്രട്ടറി അഡ്വ. എസ്.എ.എസ്. നവാസ് എന്നിവർ സംസാരിച്ചു. ക്ലിയോസ്പോർട്സ് ഡയറക്ടർമാരായ ശബരി നായർ, അനീഷ് പോൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. കൊച്ചിക്ക് പുറമേ തൃശൂർ, ആലപ്പുഴ, കോട്ടയം ജില്ലകളിലും റോഡ്ഷോ പര്യടനം നടത്തും.

# യുപിഐ പെയ്മെന്റ്: ഇഎംഐ സൗകര്യവുമായി ഐസിഐസിഐ ബാങ്ക്

**കൊച്ചി:** ക്യുആർ കോഡ് സ്കാൻ ചെയ്തു കൊണ്ട് യുപിഐ പെയ്മെന്റുകളിൽ ഈസി ഇ.എം.ഐ നേടാൻ അവസരമൊരുക്കി ഐ.സി.ഐ.സി.ഐ ബാങ്ക്. ഇപ്പോൾ വാങ്ങി പിന്നീടു പണമടക്കാനായുള്ള ബാങ്കിന്റെ പേ ലെയ്റ്റർ സംവിധാനം വഴി ഇത് പ്രയോജനപ്പെടുത്താം. മൂന്ന്, ആറ്, ഒൻപത് മാസങ്ങൾ വീതമുള്ള ഫ്ളെക്സിബിൾ ഇഎംഐ ഉപഭോക്താക്കൾക്കു തെരഞ്ഞെടുക്കാം. ഇലക്ട്രോണിക്സ്, ഗ്രോസറി, ഫാഷൻ, യാത്ര, ഹോട്ടൽ ബുക്കിങ് തുടങ്ങിയ വിഭാഗങ്ങളിൽ 10,000 രൂപയ്ക്കു മുകളിലുള്ള തുകകൾ ഇങ്ങനെ ഇഎംഐ ആക്കി മാറ്റാം. ഇത്തരത്തിലൊരു സംവിധാനം അവതരിപ്പിക്കുന്ന ആദ്യ ബാങ്കാണ് ഐസിഐസിഐ ബാങ്കെന്ന് ഐസിഐസിഐ ബാങ്ക് ഡിജിറ്റൽ ചാനൽസ് ആൻറ് പാർട്ട്ണർഷിപ്പ്സ് വിഭാഗം മേധാവി ബിജിത്ത് ഭാസ്കർ പറഞ്ഞു.ഉപഭോക്താക്കളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും അവരുടെ വികസിച്ചുകൊണ്ടിരിക്കുന്ന ക്രെഡിറ്റ് ആവശ്യങ്ങൾ പരിഹരിക്കുന്നതിനുമാവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും സമാരംഭിക്കുക എന്നതാണ് ഐസിഐസിഐ ബാങ്ക് ലക്ഷ്യമിടുന്നത്. ഇക്കാലത്ത് കൂടുതൽ പണമടയ്ക്കലുകളും യുപിഐ വഴിയാണ്. കൂടാതെ ബാങ്കിന്റെ 'ബൈ നൗ, പേ ലേറ്റർ ' സൗകര്യമാണ് കൂടുതൽ ഉപഭോക്താക്കളും തിരഞ്ഞെടുക്കുന്നതെന്നും ബിജിത്ത് ഭാസ്കർ പറഞ്ഞു.പണമടയ്ക്കാൻ ഐമൊബൈൽ പേ ആപ്പിലെ ക്യുആർ കോഡ് സ്കാൻ ഓപ്ഷൻ വഴി ഈ സേവനം പ്രയോജനപ്പെടുത്താം. പേ ലേറ്റർ സൗകര്യത്തെക്കുറിച്ച് കൂടുതലറിയാൻ, https://www.icicibank.com/Personal-Banking/paylater.page.page സന്ദർശിക്കാം.

# ഡിഎസ്എം അത്യാധുനിക അരി മാനുഫാക്ചറിങ് പ്ലാന്റ് ആരംഭിക്കുന്നു

**കൊച്ചി:** ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ആഗോള സ്ഥാപനമായ ഡിഎസ്എം പുതിയ അരി മാനുഫാക്ചറിങ് പ്ലാന്റ് ഹൈദരാബാദിൽ ആരംഭിക്കുന്നു. അത്യാധുനിക സാങ്കേതിക വിദ്യയും ഉന്നതനിലവാരമുള്ള ഉൽപ്പാദന രീതികളും ഉപയോഗിച്ച് പോഷകഗുണമുള്ള അരി ഉത്പാദിപ്പിക്കുന്നതിനുള്ള ആദ്യത്തെ വാണിജ്യ നിർമ്മാണ സംരംഭമാണിത്. പ്രതിവർഷം 3,600 ടൺ അരി ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം.ദക്ഷിണേന്ത്യയിൽ പ്ളാന്റ് തുടങ്ങാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നു ഡിഎസ്എമ്മിന്റെ സൗത്ത് ഏഷ്യയിലെ ഹെൽത്ത് ന്യൂട്രീഷൻ ആൻഡ് കെയർ ഡയറക്ടർ ആനന്ദ് ദിവാൻജി പറഞ്ഞു.

# സ്മാർട്ട്ഫോൺ നേടാനവസരമൊരുക്കി 'വി20 ഫാൻഫെസ്റ്റ്'

**കൊച്ചി:** വി ഉപഭോക്താക്കൾക്കായി 'വി20 ഫാൻഫെസ്റ്റ് 'എന്ന പേരിൽ രണ്ടു മാസം നീണ്ടുനിൽക്കുന്ന മത്സരം അവതരിപ്പിച്ചു. ടി20 ക്രിക്കറ്റ് ചാമ്പ്യൻഷിപ് മത്സരദിവസങ്ങളിൽ ഉപഭോക്താക്കൾക്ക് സ്മാർട്ട്ഫോൺ നേടുന്നതിനുള്ള അവസരമാണ് മേയ് 28 വരെ നീണ്ടുനിൽക്കുന്ന മത്സരത്തിലൂടെ ലഭ്യമാക്കുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു. മെഗാവിന്നർക്ക് ടി20 ചാമ്പ്യൻഷിപ്പ് ഫൈനൽ നേരിട്ടു കാണുന്നതിനു രണ്ടു ടിക്കറ്റും പ്രഖ്യാപിച്ചിട്ടുണ്ട്.വി ഫേസ്ബുക്ക് പേജ്, വി ഇൻസ്റ്റാഗ്രാം പേജ്, വി ടിറ്റർ പേജ് എന്നിവയിലൂടെ മാച്ച് നടക്കുന്ന സമയത്ത് ഉപഭോക്താക്കൾക്ക് വി20 ഫാൻഫെസ്റ്റിൽ പങ്കെടുക്കാം. മത്സരസമയത്ത് നൽകുന്ന 20 ചോദ്യങ്ങൾക്ക് വി20 ഫാൻഫെസ്റ്റ് എന്ന ഹാഷ്ടാഗിൽ ഉത്തരം നൽകുക മാത്രമാണ് ഉപഭോക്താക്കൾ ചെയ്യേണ്ടത്. കൂടാതെ ഓരോ ദിവസത്തേയും വിജയിയുടെ പേരും ഫോട്ടോയും വി സോഷ്യൽ മീഡിയ പേജുകളിൽ പങ്കുവയ്ക്കുകയും ചെയ്യും.

# ഉന്നത വിദ്യാഭ്യാസ മേഖല മുന്നേറ്റത്തിന്റെ പാതയിൽ: മന്ത്രി ആർ ബിന്ദു

**കൊച്ചി:** കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല മാറ്റത്തിന്റെയും മുന്നേറ്റത്തിന്റെയും പാതയിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു. തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജിൽ കിഫ്ബി, റൂസ ഫണ്ടുകൾ ഉപയോഗിച്ച് നിർമാണം പൂർത്തീകരിച്ച കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥി കേന്ദ്രീകൃത കാഴ്ചപ്പാടോടെ സമഗ്ര പരിഷ്കരണമാണ് സർക്കാർ നടപ്പിലാക്കുന്നത്. കലാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ കിഫ്ബി, റൂസ ഫണ്ടുകൾ ഉപയോഗിച്ച് അക്കാദമിക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകളും മികച്ച ലൈബ്രറി സൗകര്യങ്ങളും ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി കഴിഞ്ഞ ബഡ്ജറ്റിൽ ആയിരം കോടിയിലധികം നീക്കിവെച്ചു. റൂസ ഫണ്ട് ഉപയോഗിച്ച് 567 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് സംസ്ഥാനത്തെ കലാലയങ്ങളിൽ പുരോഗമിക്കുന്നത്. ഇതിൽ 317 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സാധ്യമാക്കിയ കേരള മോഡലിന്റെ തുടർച്ചയായി ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കാണ് സർക്കാർ പരിഗണന നൽകുന്നത്. വരും തലമുറയ്ക്ക് വേണ്ടി ഏറ്റവും മികച്ച വിദ്യാഭ്യാസ രീതിയും മികച്ച തൊഴിൽ മേഖലകളും കേരളീയ അന്തരീക്ഷത്തിൽ തന്നെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. തൊഴിലും വിദ്യാഭ്യാസവും തമ്മിൽ ബന്ധിപ്പിക്കുന്ന നൈപുണ്യ വികസന ക്ലാസുകൾ വഴി കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ തൊഴിൽ നേടാൻ സാധിക്കും. മാത്രമല്ല സമൂഹത്തിലെ നേതൃത്വപരമായ മേഖലകളിൽ പ്രവർത്തിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികളുടെ ആശയങ്ങൾ കൂടി വളർത്തിക്കൊണ്ടുവരുന്ന വിധത്തിലുള്ള നോളജ് ട്രാൻസ്ലേഷൻ സെന്ററുകളും, ഇൻക്യുബേഷൻ സെന്ററുകളും സാധ്യമാക്കുന്ന പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരികയാണ്. കേരളത്തെ ഒരു നവ പരിജ്ഞാന സമൂഹമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നതെന്നും മന്ത്രി പറഞ്ഞു.5.77 കോടി രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിച്ച പുതിയ ബിൽഡിംഗിൽ മാനുസ്ക്രിപ്റ്റ് ലൈബ്രറി, അക്കാദമിക് ബ്ലോക്ക് , മെയിൻ ലൈബ്രറി , പരീക്ഷാ ഹാൾ, സെമിനാർ ഹാൾ, ലേഡീസ് വെയ്റ്റിംഗ് ഹാൾ തുടങ്ങിയവയാണ് സജ്ജീകരിച്ചിരിക്കുന്നത്. രണ്ടുകോടി രൂപയുടെ റൂസ ഫണ്ട് ഉപയോഗിച്ച് ക്ലാസ് റൂമുകൾ ,സ്റ്റാഫ് റൂമുകൾ ,ഡിജിറ്റൽ ലൈബ്രറി, ഓഡിറ്റോറിയം നവീകരണം, ടോയ്‌ലറ്റ് നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി.പരിപാടിയിൽ കെ ബാബു എംഎൽഎ അധ്യക്ഷത വഹിച്ചു. തൃപ്പൂണിത്തുറ നഗരസഭ ചെയർപേഴ്സൺ രമ സന്തോഷ്, വൈസ് ചെയർമാൻ കെ കെ പ്രദീപ് കുമാർ, പ്രിൻസിപ്പാൾ ഡോ. വി കെ അമല, റൂസ കോർഡിനേറ്റർ പി വി അജികുമാർ, വാർഡ് കൗൺസിലർ സാവിത്രി നരസിംഹറാവു, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, പിടിഎ ഭാരവാഹികൾ, കോളേജ് അധ്യാപകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# ഊർജ്ജ അവാർഡ് 2022 അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാനത്ത് അക്ഷയ ഊർജ്ജ രംഗത്ത് മികച്ച പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളവർക്ക് അവാർഡുകൾ നൽകുന്നതിനായി കേരള സർക്കാർ അപേക്ഷ ക്ഷണിച്ചു. പൊതു സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, ഗവേഷണ സ്ഥാപനങ്ങൾ, യുവ സംരംഭകർ, വാണിജ്യ സംരംഭകർ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലുള്ളവർക്കാണ് സംസ്ഥാന സർക്കാർ അനെർട്ട് മുഖേന അവാർഡുകൾ നൽകുന്നത്. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങളാണ് അവാർഡിനായി പരിഗണിക്കുന്നത്. സംസ്ഥാനതലത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള മോണിട്ടറിംഗ് കമ്മറ്റിക്കാണ് അവാർഡ് നിർണ്ണയിക്കുന്നതിനുള്ള മേൽനോട്ട ചുമതല. അവാർഡിനുള്ള അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ ശുപാർശ ചെയ്യുന്നത് ഇതിനായി നിയോഗിച്ചിട്ടുള്ള പ്രത്യേക ജഡ്ജിംഗ് കമ്മിറ്റിയാണ്. ഓരോ മേഖലയിലും അവാർഡിന് അർഹരാകുന്നവർക്ക് ഒരു ലക്ഷം രൂപ വീതവും, ഫലകവും, പ്രശസ്തിപത്രവും നൽകുന്നതാണ്. അപേക്ഷാ ഫോറവും, മറ്റു മാർഗ്ഗ നിർദ്ദേശങ്ങളും അനെർട്ടിന്റെ ০০০.മില്യ്രേ.ഴീ.ശി വെബ്ബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത അപേക്ഷകൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട്, വികാസ് ഭവൻ പി.ഓ., തിരുവനന്തപുരം 695 033 വിലാസത്തിൽ ഏപ്രിൽ 20 ന് മുൻപ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 1800 425 1803 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടുക.

# മെഡിക്കൽ എൻട്രൻസ് പരീക്ഷ : വിദ്യാർഥികൾക്ക് ഐ.എം.എ പരിശീലനം നൽകും

**കൊച്ചി:** മെഡിക്കൽ എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്ക് പിഴവുകൾ കൂടാതെ പരീക്ഷയെ നേരിട്ട് വിജയം വരിക്കാൻ സഹായഹസ്തവുമായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും (ഐ.എം.എ) ഐ.എം.എയുടെ മെഡിക്കൽ വിദ്യാർത്ഥി വിഭാഗമായ മെഡിക്കൽ സ്റ്റുഡന്റ്സ് നെറ്റ് വർക്കും (എം.എസ്.എൻ). 'അണ്ടർ ഗ്രാജുവേറ്റ് മോഡൽ മെഡിക്കൽ എൻട്രൻസ് ' എന്ന പേരിൽ നടത്തുന്ന പ്രോഗ്രാമിൽ മോഡൽ എൻട്രൻസ് പരീക്ഷ, പരീക്ഷയിൽ സമയം ലാഭിക്കാനുള്ള പൊടിക്കൈകൾ, സാധാരണ വരാറുള്ള പിഴവുകൾ ഒഴിവാക്കാനുള്ള മാർഗങ്ങൾ എന്നിവ സംബന്ധിച്ച ചർച്ചകൾ നടക്കും. എൻട്രൻസ് പരീക്ഷയിൽ ഉയർന്ന റാങ്കു നേടി പ്രവേശനം ലഭിച്ച വിദ്യാർഥികൾ എൻട്രൻസ് പരീക്ഷയിലെ തങ്ങളുടെ അനുഭവങ്ങൾ പ്രോഗ്രാമിൽ പങ്കുവെയ്ക്കും. എങ്ങനെ പരീക്ഷയെ നേരിട്ട് ഉയർന്ന വിജയം കരസ്ഥമാക്കാം, അതിനുള്ള വിവിധ മാർഗങ്ങൾ എന്തൊക്കെ ? എന്നത് സംബന്ധിച്ച് ഡോ അരുൺ ബി.നായർ (തിരുവനന്തപുരം മെഡിക്കൽ കോളേജ്),ഡോ.ജിനു മൊയ്തീൻ (ഗവ. മെഡിക്കൽ കോളേജ്,എറണാകുളം), ഡോ. ടോം വർഗ്ഗീസ്(ജനറൽ ആശുപത്രി) എന്നിവർ ക്ലാസുകൾ നയിക്കും. തിരുവനന്തപുരം,കൊച്ചി,കോഴിക്കോട് എന്നിവടങ്ങളിലെ ഗവൺമെന്റ് മെഡിക്കൽ കോളജുകളിലാണ് മോഡൽ എൻട്രൻസ് പരീക്ഷകൾ നടത്തുന്നത്. കൊച്ചിയിൽ ഏപ്രിൽ 14 നും കോഴിക്കോടും തിരുവനന്തപുരത്തും ഏപ്രിൽ 16 നും മോഡൽ പരീക്ഷകൾ നടത്തുമെന്ന് ഐ.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ. സുൽഫി നൂഹു,സെക്രട്ടറി ഡോ.ജോസഫ് ബെനവൻ,ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എസ്.ശ്രീനിവാസ കമ്മത്ത്,സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ,എം.എസ്.എൻ കോഓർഡിനേറ്റർ ഡോ.ഗീതാ നായർ,സംസ്ഥാന കൺവീനർ റാബിയ സിദ്ദീഖ്,സംസ്ഥാന സെക്രട്ടറി മുസമ്മിൽ എന്നിവർ അറിയിച്ചു.രാവിലെ എട്ടു മുതൽ പ്രോഗ്രാം ആരംഭിക്കും. ഉദ്ഘാടനത്തിനു ശേഷം 9.30 മുതൽ വിവിധ വിഷയങ്ങളിൽ ഡോക്ടർമാരുടെ ക്ലാസുകൾ നടക്കും. തുടർന്ന് മുൻ പരീക്ഷകളിൽ ഉയർന്ന റാങ്കു നേടി വിജയിച്ചവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കും. 10.30 മുതൽ ഉച്ചയ്ക്ക് ഒന്നരവരെയാണ് മോഡൽ പരീക്ഷ നടക്കുന്നതെന്നും ഭാരവാഹികൾ അറിയിച്ചു. വിശദ വിവരങ്ങൾക്ക് http://cognosco.vercel.app

